കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

[www.ksad.kerala.gov.in](http://www.ksad.kerala.gov.in)

# മുഹമ്മ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

*(രജിസ്റ്റർ ചെയ്തു കൈപ്പറ്റ ചീട്ടു സഹിതം)*

നം.കെ.എസ്.എ-എ.എൽ.പി/പി5-1187/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ
ഫോൺ – 0477 2252753
ഇ-മെയിൽ -ddhglfalpy@gmail.com
തീയതി: 27.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

**മുഹമ്മ** ഗ്രാമ പഞ്ചായത്ത്

**സർ,**

വിഷയം : **മുഹമ്മ** ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3-ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

# ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ **മുഹമ്മ** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.7.2018 മുതൽ 9.11.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 30.4.19 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | കെ.വി.സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 04.11.2019 മുതൽ<br>16.11.2019 വരെ | ശ്രീ.എൻ.വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ.പ്രവീൺ ഷേണായ്.ജെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.എ.ഡി.ബീന, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.രാജിമോൾ.പി.സി, ഓഡിറ്റർ<br>ശ്രീ.ലക്ഷ്മീകാന്ത്.പി, ഓഡിറ്റർ (മനുഷ്യദിനം കണക്കാക്കിയിട്ടില്ല) |

**(ബി) നിർവ്വഹണാധികാരികൾ**

| | |
|---|---|
| <u>പ്രസിഡന്റ്</u><br>ശ്രീ.ജെ.ജയലാൽ | 01.4.2018 മുതൽ 31.3.2019 വരെ |
| <u>സെക്രട്ടറി</u><br>ശ്രീമതി.അംബിക.എസ് | 1.04.2018 മുതൽ 5.05.2018 വരെ |
| ശ്രീ.പി.സി.സേവ്യർ,<br>അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്) | 6.05.2018 മുതൽ 20.06.2018 FN വരെ |
| ശ്രീ.ഇ. ക്ലീറ്റസ് | 20.06.2018 AN മുതൽ 30.06.2018 FN വരെ |
| ശ്രീ.പി.എസ്. രാമചന്ദ്രൻ | 30.06.2018 AN മുതൽ 31.03.2019 വരെ |

**<u>സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ</u>**

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ആരോഗ്യ,വിദ്യാഭ്യാസം | ശ്രീ.സി.ബി.ഷാജികുമാർ | 01.4.2018 മുതൽ 31.3.2019വരെ. |
| 2 | വികസനകാര്യം | ശ്രീ.ഡി.സതീശൻ | 01.4.2018 മുതൽ 31.3.2019 വരെ. |
| 3 | ക്ഷേമകാര്യം | ശ്രീമതി.സിന്ധു രാജീവ് | 01.4.2018 മുതൽ 31.3.2019 വരെ |
| 4 | ധനകാര്യം | ശ്രീമതി.മായാമഞ്ജു | 01.4.2018 മുതൽ 31.3.19 വരെ. |

**3) <u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ</u>**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. അഞ്ജന ബാബു | 01.04.2018 മുതൽ 31.3.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുരേഷ് പി.പണിക്കർ | 01.04.2018 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ധന്യ.എ. | 01.04.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.ശ്രീദേവി.എസ് | 01.04.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജെ.ജ്യോതി. | 01.04.2018 മുതൽ 31.3.2019 വരെ |
| ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ്. | ശ്രീമതി.ജ്യോതികല.പി.എസ് | 01.04.2018 മുതൽ 31.3.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സൗമ്യ.എസ്. | 01.04.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.സി.സേവ്യർ | 01.04.2018 മുതൽ 4.8.2018 വരെ |
| | ശ്രീമതി. ലസിത കെ എസ്. | 05.08.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.വിഷ്ണു.എസ്. | 01.04.2018 മുതൽ 31.3.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കായിപ്പുറം സർക്കിൾ) | ശ്രീമതി.പ്രസീദ.കെ.എസ് | 01.04.2018 മുതൽ 31.3.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മുഹമ്മ സർക്കിൾ) | ശ്രീമതി.പ്രസീദ.കെ.എസ് | 1.04.2018 മുതൽ 14.4.2018 FN വരെ |
| | ശ്രീ.ഹാഷിഫ് എച്ച് | 14.04.2018 AN മുതൽ 31.3.2019 വരെ |
| ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി.അനുരാജ് | 01.04.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. മോഹൻദാസ് | 01.04.2018 മുതൽ 31.3.2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമനം. | ഖണ്ഡിക നം. | ഭാഗം |
|---|---|---|
| 1 | 1-1 മുതൽ 1-11 വരെ | പൊതു അവലോകനം |
| 2 | 1-12 | വസ്തുനികുതി അപാകതകൾ |
| 3 | 1-13 | ബിൽഡിംഗ് പെർമിറ്റ് -ക്രമവത്ക്കരണ ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു. |
| 4 | 1-14 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല |
| 5 | 1-15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് ഫീസിൽ പിഴ ഈടാക്കിയിട്ടില്ല |
| 6 | 1-16 | പാതിരാമണൽ പ്രവേശന ഫീസ് പിരിവ് സംബന്ധിച്ച് |
| 7 | 1-17 | ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല |
| 8 | 1-18 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ |

| | | |
|---|---|---|
| | | ചാർജ്ജ് ഈടാക്കുന്നില്ല |
| 9 | 1-19 | ഓഡിറ്റ് ഇംപാക്ട് |
| 10 | 1-20 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 48.10 ലക്ഷം ചെലവഴിച്ചില്ല |
| 11 | 1-21 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല |
| 12 | 1-22 | തെരുവ് വിളക്ക് ഉപകരണം – വാങ്ങിയതിലും കൂടുതൽ ഉപകരണങ്ങൾക്ക് തുക അനുവദിച്ച് നൽകി |
| 13 | 1-23 | പദ്ധതി രൂപീകരണവും നിർവ്വഹണവും - അധികം നൽകിയ 9623/-രൂപ തിരികെ ഈടാക്കേണ്ടതാണ് |
| 14 | 1-24 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ |
| 15 | 1-25 | എം.ജി.എൻ.ആർ.ഇ.ജി.എസ്- കരാറുകാരൻ ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ തുക നൽകി |
| 16 | 1-26 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - കയർ ഭൂവസ്ത്രം വിരിക്കൽ - അധിക തുക ചെലവഴിച്ചു |
| 17 | 1-27 | ഗ്രാമ പഞ്ചായത്തിന് വിട്ടുകിട്ടിയ ആംബുലൻസ് - ആംബുലൻസ് ലഭിച്ച് ഒന്നര വർഷത്തോളമായിട്ടും ഉപയോഗിക്കുകയോ, കൈമാറ്റം ചെയ്യുകയോ ചെയ്തില്ല. |
| 18 | 1-28 | എയ്റോബിക് കംപോസ്റ്റ് യൂണിറ്റ് - കരാർ കാലാവധി അവസാനിച്ചിട്ടും നിർമ്മാണം പൂർത്തീകരിച്ചില്ല |
| 19 | 1-29 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:- |
| 20 | 1-30 | വൈദ്യുതി ലൈൻ വ്യാപനം - 1873392/- രൂപ കൈപ്പറ്റി, പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 21 | 1-31 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 22 | 1-32 | എച്ച്.എം - ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 23 | 1-33 | ഡിജിറ്റൽ ബോർഡ് - വിതരണരേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു |
| 24 | 1-34 | സാന്ത്വനം, സൈക്യാട്രി പ്രോജക്ട് - അപാകതകൾ |
| 25 | 1-35 | പത്താം തരം തുല്യതാ പരീക്ഷ – രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല |
| 26 | 1-36 | മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകി |
| 27 | 1-37 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ -വിനിയോഗ രേഖ ഹാജരാക്കിയില്ല |
| 28 | 1-38 | കന്നുകുട്ടി പരിപാലനം-വിനിയോഗ രേഖകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് |
| 29 | 1-39 | അംഗീകൃത യൂണിറ്റ് കോസ്റ്റിലും അധിക നിരക്കിൽ വാങ്ങി |
| 30 | 1-40 | കാർഷിക മേഖല -വിത്തുകളും തൈകളും ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിൽ വ്യക്തത ഇല്ല |
| 31 | 1-41 | തെരുവ് വിളക്കുകളുടെ പ്രവർത്തനം- പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 32 | 1-42 | വിമാന യാത്ര - സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല |
| 33 | 1-43 | വാഹന ഇന്ധന ഉപയോഗ സർട്ടിഫിക്കറ്റ് എടുക്കാത്തതും നിർദ്ധിഷ്ട രജിസ്റ്ററുകൾ പാലിക്കപ്പെടാത്തതും സംബന്ധിച്ച് |
| 34 | 1-44 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിക്കുന്നു. |
| 35 | 1-45 | തൊഴിൽരഹിത വേതനം കൂടുതൽ തുക അനുവദിച്ചതും അപേക്ഷയിന്മേൽ നടപടിയെടുക്കുവാൻ വൈകുന്നതും |
| | **ഭാഗം 2** | |
| 36 | 2-1 | വസ്തു നികുതി-നിർണ്ണയിച്ചതിൽ അപാകതകൾ |
| | **ഭാഗം 3** | |
| | | |

| | | |
|---|---|---|
| 37 | 3-1 | തെരുവ് വിളക്ക് ഉപകരണം - വാങ്ങിയതിലും കൂടുതൽ ഉപകരണങ്ങൾക്ക് തുക അനുവദിച്ച് നൽകി |
| 38 | 3-2 | പദ്ധതി രൂപീകരണവും നിർവ്വഹണവും - അധികം നൽകിയ 9623/-രൂപ. തിരികെ ഈടാക്കേണ്ടതാണ് |
| 39 | 3-3 | എം.ജി.എൻ.ആർ.ഇ.ജി.എസ്- കരാറുകാരൻ ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ തുക നൽകി. |
| 40 | 3-4 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - കയർ ഭൂവസ്ത്രം വിരിക്കൽ - അധിക തുക ചെലവഴിച്ചു |
| | ഭാഗം 4 | |
| 41 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 42 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 43 | അനുബന്ധം-2 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 21.3.2018 തീയതിയിലെ 1/1 തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ പരിഷ്കരിച്ച ബഡ്ജറ്റ് 28/2/2019 തീയതിയിലെ 1/1 തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 28,67,04109.00 | 28,89,48,962.00 |

**ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.**

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2018-19 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.
3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
4. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 03.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി./പി.14-500/19/24.06.19 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10997928 |
| വരവ് | 126590303 |
| ആകെ | 137588231 |
| ചെലവ് | 108526341 |
| നീക്കിയിരിപ്പ് | 29061890 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 17398935 | 17398935 | 16168196 | 1230739 |
| വികസന ഫണ്ട്-എസ്.സി.പി | | 3805000 | 3805000 | 3276138 | 528862 |
| വികസന ഫണ്ട്-ടി.എസ്.പി | | 282000 | 282000 | 203248 | 78752 |
| മെയിന്റനൻസ്, റോഡ് | | 3670000 | 3670000 | 3635276 | 34724 |
| മെയിന്റനൻസ്, നോൺ-റോഡ് | | 3574000 | 3574000 | 3384879 | 189121 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 10071393 | 10071393 | 7323143 | 2748250 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 138 | 172574467 | 115 | 89374015 | 0 | 23 | 83% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 25586 | 587270 | 612856 | 574014 | 38842 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 74135986 | 74135986 | 74135986 | 0 |
| ആകെ | 25586 | 74723256 | 74748842 | 74710000 | 38842 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 662400 | 248 |
| കർഷകതൊഴിലാളി പെൻഷൻ | 2970200 | 745 |
| വിധവാപെൻഷൻ | 12594800 | 3144 |
| വാർദ്ധക്യകാലപെൻഷൻ | 32513200 | 9881 |
| വികലാംഗപെൻഷൻ | 6416600 | 1476 |
| | | |

| | | |
|---|---|---|
| വിവാഹധനസഹായം | 90000 | 3 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1506000 | 390 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3119/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
5. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ലക്ഷങ്ങൾ മുടക്കി വാങ്ങുന്ന ഇലക്ട്രിക് ഉപകരണങ്ങൾ കരാറുകാർക്ക് കൈമാറുന്നുവെങ്കിലും ആയത് യഥാവിധി സ്ഥാപിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിൽ വീഴ്ച വരുത്തുന്നു. ഇതുസംബന്ധമായ രജിസ്റ്ററുകളുടെ പരിപാലനത്തിലും വീഴ്ചയുണ്ട്.
7. ഡെപ്പോസിറ്റ് വർക്കുകൾക്കായി തൻവർഷം വൻതുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ യഥാസമയം നിർവ്വഹിക്കപ്പെടുന്നുവെന്നത് ഉറപ്പാക്കുന്നില്ല.
8. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
9. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
10. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
11. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
12. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/10/2019 | ആഗസ്റ്റ് 2019 | 01/11/2019 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.01.2016 | 2010-11 മുതൽ 2014-15 വരെ | 26.09.2019 |

# 1-12 വസ്തുനികുതി അപാകതകൾ

പഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>നികുതി നിർണ്ണയിച്ചതിൽ കുറവ്</u>

കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 50/- മുതൽ 70/-രൂപ വരെ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടനികുതി ഈടാക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, ഒരു ചതുരശ്ര മീറ്ററിന് 65/- രൂപ നിരക്കിലാണ്. എന്നാൽ താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ നികുതി, ചതുരശ്ര മീറ്ററിന് 55/-രൂപ നിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. ഇതുമൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വന്നിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്നം/ കെട്ടിട നം. | പേരും അഡ്രസ്സും, | തറ വിസ്തീർണ്ണം (ച. മീറ്ററിൽ) | ഇളവ് (%) | വർദ്ധന (%) | അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി | ഈടാക്കിയ നികുതി | കുറവ് (LC ഒഴികെ) | ലൈബ്രറി സെസ് |
|---|---|---|---|---|---|---|---|---|---|
| 8/22A | മേഴ്സി ജോസഫ് & ലത തോമസ് | 109.62 | - | 20% (റോഡ്:5 മീറ്ററിൽ കൂടുതൽ) | 8550/- (=109.62* 65+1425) | 8978/- (= 8550+ 428 (LC)) | 7235+ <u>362</u> 7597/- | 1315/- | 66 |
| 8/22B | മേഴ്സി ജോസഫ് & ലത തോമസ് | 128.79 | - | 20% (റോഡ്:5 മീറ്ററിൽ കൂടുതൽ) | 10045/- (=128.79*65+ 1674) | 10547/- (=10045+ 502(LC)) | 8501+ <u>426(LC)</u> 8927/- | 1544/- | 76 |
| 8/381A | അലക്സ് മാത്യു | 282.507 | | 20% (റോഡ്:5 മീറ്ററിൽ കൂടുതൽ) | 22036/- (=282.507* 65+3673) | 23138/- (=22036+ 1102(LC) | 18646+ <u>933(LC)</u> 19579/- | 3390/- | 169 |
| 8/461B | ഷെഫി ആലയ്ക്കൽ | 129.19 | - | 20% (റോഡ്:5 മീറ്ററിൽ കൂടുതൽ) | 10076/- (=129.19* 65+1679) | 10580/- (=10076+ 504(LC) | 8527+ <u>427(LC)</u> 8954/- | 1549/- | 77 |
| 8/587B | മണി ആമക്കാട്ടിൽ | 118.47 | | 20% (റോഡ്:5 മീറ്ററിൽ കൂടുതൽ) | 9241/- (=118.47* 65+1540) | 9703/- (=9241+ 462(LC) | 7819+ <u>392(LC)</u> 8211/- | 1422/- | 70 |
| 8/587A | " | 112 | - | 20% (റോഡ്:5 മീറ്ററിൽ കൂടുതൽ) | 8736/- (=112* 65+1456) | 9173/- (=8736+ 437(LC)) | 7392+ <u>370(LC)</u> 7762/- | 1344/- | 67 |
| 13/35B | പ്രവീൺ, പണ്ടാര പ്പാട്ടത്തിൽ | 329.34 | 10% (കുറഞ്ഞ തരം മേൽക്കൂര) | 20% (റോഡ്: 5 മീറ്ററിൽ കൂടുതൽ) | 23548/- (=329.34* 65-2141+ 42814 | 24725 (=23548+ 1177(LC)) | 19926+ <u>997</u>(LC) 20923/- | 3622/- | 180 |
| 16/521A | ബാബു, | 173.61 | 10% | - | 10156/- | 10663/- | 8594+ | 1562/- | 78 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | മംഗലത്തുവെളി | | (കുറഞ്ഞ തരം മേൽക്കൂര) | | (=11285-1129) | (=10156+ 508(LC)) | 430(LC) 9024/- | | |
| ആകെ | | | | | | | | 15748/- | 783 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.16/12.11.19) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടത്തി കുറവ് വന്ന 16531/-രൂപ ഈടാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2018-19 സാമ്പത്തിക വർഷം സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ മാത്രമാണ് ഓഡിറ്റിൽ പരിശോധനാ വിധേയമാക്കിയിട്ടുള്ളത്. മുൻ വർഷങ്ങളിൽ ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിൽ ആയതും പരിശോധിച്ച് നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. <u>നികുതി നിർണ്ണയത്തിലെ അപാകത</u>

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്ന ഒരേ ഉടമയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിലെ ഓരോ കടമുറികൾക്കും പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കടമുറികളുടെ വസ്തുനികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 55/- രൂപ നിരക്കിൽ നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, 1 ചതുരശ്ര മീറ്ററിന് 65/- രൂപ നിരക്കിൽ ഈടാക്കണം എന്നതാണ്. എന്നാൽ ഇവിടെ ഒരു ചതുരശ്ര മീറ്ററിന് 55/- രൂപ മാത്രമാണ് ഈടാക്കുന്നത്. ഇതു മൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വരുന്നു. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നം./കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) |
|---|---|---|
| ജോസഫ് ആന്റണി, പട്ടാറ പുത്തൻ പറമ്പിൽ | IX/23 J,K,H,I,B,C,D,E,F,G | 371.89 |
| ആന്റോ സ്കറിയ | VIII/818 A,B,C,D,E,F,G,H,I,J | 255.51 |
| ദാമോദരൻ കെ എസ് | IX/A,B,C,D,E,F,I,J,K,L,M | 331 |
| പ്രശാന്ത് പി.എസ് | X/513 A,B,C,D,E | 187.44 |
| ലത,പള്ളിക്കാവുവെളിയിൽ | IX/382F,G,H | 158.85 |

ഓഡിറ്റന്വേഷണത്തിനു നൽകിയ മറുപടിയിൽ ഈ കെട്ടിടങ്ങളുടെ നികുതി റീ അസസ്സ് ചെയ്യുന്നതാണെന്ന് അറിയിച്ചു. നികുതി പുനർ നിർണ്ണയം നടത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

3. <u>വസ്തുനികുതി ഈടാക്കുന്നില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന I/133A കെട്ടിട നമ്പരിൽ പ്രസിഡണ്ട്, സമന്വയ കലാകായിക സാംസ്കാരിക സമിതിയുടെ പേരിലുള്ള 42.59 ച.മീ. വിസ്തീർണ്ണത്തിലുള്ള കെട്ടിടത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 ബിൽഡിംഗ് പെർമിറ്റ് -ക്രമവത്ക്കരണ ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റില്ലാതെ നിർമ്മിച്ച നിരവധി കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ 229813/ആർ.ഡി2/2016 നം കത്തിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുമ്പോൾ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കേണ്ടതാണ്. പെർമിറ്റ് ഫീസിന്റെ രണ്ട് മടങ്ങാണ് രാജിയാക്കൽ ഫീസ്. പെർമിറ്റ് എടുത്ത് നിർമ്മാണം തുടങ്ങിയശേഷം പെർമിറ്റിൽ നിന്നും അധികരിച്ച് നിർമ്മിക്കുന്ന കെട്ടിടഭാഗങ്ങൾക്കാണ് രാജിയാക്കൽ ഫീസ് മാത്രം ഈടാക്കുന്നത്. എന്നാൽ പെർമിറ്റ് ഇല്ലാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ

ക്രമവത്ക്കരിക്കുമ്പോൾ പഞ്ചായത്തിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. ഇതു മൂലം ലഭിക്കേണ്ട വരുമാനത്തിൽ വലിയ വ്യത്യാസം വരുന്നു. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണ്ണം(ച.മീ) | നിരക്ക് (ച.മീ) | ഉപയോഗം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | ശ്രീകുമാരി | 418.09 | 5 | വാണിജ്യം | 6271 | 4181 | 2090 |
| 2 | സി എ ജോസഫ് | 547.87 | 3 | പാർപ്പിടം | 4931 | 3288 | 1643 |
| 3 | നിധീഷ് വി കെ | 133.55 | 3 | പാർപ്പിടം | 1202 | 802 | 400 |
| 4 | കെ കെ നളിനി & എൻ വി ജിജിമോൾ | 173 | 3 | പാർപ്പിടം | 1557 | 1038 | 519 |
| 5 | കെ വി ബാലചന്ദ്രൻ | 43.23 | 5 | വാണിജ്യം | 648 | 433 | 215 |
| 6 | ഷിജമോൾ | 185.73 | 3 | പാർപ്പിടം | 1672 | 1115 | 557 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനു (നം. 15/11.11.2019) ലഭ്യമാക്കിയ മറുപടിയിൽ, സോഫ്റ്റ്‌വെയറിൽ ഇത്തരത്തിൽ ക്രമവത്ക്കരണ ഫീസ് ജനറേറ്റ് ചെയ്യുന്നതിനാലാണ് ഈ നിരക്കിൽ ഈടാക്കിവരുന്നതെന്നും വിഷയം ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും അറിയിച്ചു. അപാകത പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ടി സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

അപേക്ഷകരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | അപേക്ഷ നം: | ഉടമസ്ഥന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | 1309/18 | ജയശ്രീ K . M | 10 HP | 100 | ----- | 100 |
| 2 | 1321/18 | സജിത്ത് T.S | 10 HP | 100 | ------ | 100 |
| 3 | 2196/18 | കുഞ്ഞുമോൻ ദേവസ്യ | 25 kw (33.5 HP) | 400 | ----- | 400 |
| 4 | 2530/18 | M.Sജോസഫ് | 10 KW (13.41 HP) | 200 | ---- | 200 |
| 5 | 1615/18 | വിജയധരൻ | 4 HP | 50 | --- | 50 |
| 6 | 3349/18 | അരവിന്ദാക്ഷൻ | 9.5 HP | 100 | | 100 |
| 7 | 2794/18 | ഗീതാജി | 10 HP | 100 | | 100 |
| 8 | 3917/18 | രശ്മിലാൽ | 10 HP | 100 | | 100 |
| 9 | 3485/18 | പ്രവീൺ P.P | 10 HP | 100 | | 100 |
| 10 | 2971/18 | മോഹൻ M.B | 10 HP | 100 | ------ | 100 |
| | | ആകെ തുക | | | | 1350 |

മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ (നം:36, തീയതി 14-11-19) അടിസ്ഥാനത്തിൽ കുറവു വന്ന തുക 1,350/- രൂപ സ്ഥാപന ഉടമകളിൽ നിന്നും 15/11/2019 ൽ ഈടാക്കി രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് ഫീസിൽ പിഴ ഈടാക്കിയിട്ടില്ല

1996 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ ചട്ടം 10 പ്രകാരം ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനുള്ളിൽ പട്ടിക-II പ്രകാരമുള്ള ഫീസും അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രവും ലഭ്യമാക്കിയാൽ ഈ ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുള്ള ഏതൊരു ലൈസൻസും പുതുക്കി നൽകാവുന്നതാണ്. ചട്ടം 19 അനുസരിച്ച് വൈകി സമർപ്പിക്കുന്ന അപേക്ഷകരിൽ നിന്നും 25% അധിക ഫീസ് ഈടാക്കണമെന്നും നിഷ്കർഷിക്കുന്നു, എന്നാൽ നിശ്ചിത കാലാവധിക്കുശേഷം ലൈസൻസ് പുതുക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകരിൽ നിന്നും ചട്ടപ്രകാരം അധിക ഫീസ് ഈടാക്കിയിട്ടില്ല.

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷാ നം. | അപേക്ഷകന്റെ പേര് | അപേക്ഷിച്ച തീയതി |
|---|---|---|---|
| 1 | 1776/18 | അലക്സാണ്ടർ തോമസ്, പട്ടാറ | 26/03/18 |
| 2 | 1198/18 | ഷാനവാസ്, കിഴക്കേ മുറി | 5/04/18 |
| 3 | 1777/18 | ഗണേഷ് ബാബു, കണ്ണാട്ട് | 28/03/18 |
| 4 | 1871/18 | K.P. ബാബു, തൈവീട് | 28/03/18 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:28 തീയതി 13-11-19) നല്കിയ മറുപടിയിൽ, പുതുക്കിയ ലൈസൻസ് നിയമപ്രകാരം ചട്ടം 19 ൽ നിർദ്ദേശിച്ചിട്ടുള്ള പിഴ ഇനി മുതലുള്ള ലൈസൻസ് പുതുക്കലിനു ബാധകമാക്കി എടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 പാതിരാമണൽ പ്രവേശന ഫീസ് പിരിവ് സംബന്ധിച്ച്

പാതിരാമണൽ ദ്വീപിലെത്തുന്ന സഞ്ചാരികൾക്ക് പ്രവേശനഫീസ് ഈടാക്കുന്നതിന് 26.4.18 ൽ ചേർന്ന പഞ്ചായത്തു കമ്മിറ്റി (തീരുമാനം നം. 31) തീരുമാനിച്ചതിനെത്തുടർന്ന് ഫീസ് പിരിവിനായി രസീതു ബുക്കുകൾ പ്രിന്റ് ചെയ്യുകയും (ഫ്രീ പാസ്സ്, 10/-, 20/-, 50/- രൂപ നിരക്കിലുള്ള ടിക്കറ്റുകൾ) ഓരോ ഇനത്തിലുമുള്ള 500 രസീത് ബുക്കുകൾ വീതം ഫീസ് പിരിവിനായി ചുമതലപ്പെടുത്തിയ ശ്രീ സേതുനാഥ് 29.5.2018 ൽ കൈപ്പറ്റുകയും ചെയ്തു. എന്നാൽ ഫീസ് പിരിവ് ആരംഭിച്ചത് ഒരു വർഷത്തിനുശേഷം 4.6.2019 ലാണ്. ഫീസ് പിരിവ് ആരംഭിക്കുവാൻ ഇത്രയും കാലതാമസം ഉണ്ടായതെന്തുകൊണ്ടാണെന്ന് വ്യക്തമല്ല. ഫീസ് പിരിവിനായി ചുമതലപ്പെടുത്തിയ ശ്രീ സേതുനാഥിന് പ്രതിമാസം 12000/- രൂപ തനതുഫണ്ടിൽ നിന്നും നൽകിവരുന്നു. പ്രവേശന ഫീസ് പിരിവുമായി ബന്ധപ്പെട്ട രസീതുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 4.6.19 മുതൽ 6.11.19 വരെയുള്ള ആകെ കളക്ഷൻ 120530/-രൂപയാണ്. എന്നാൽ 6.11.19 വരെ പഞ്ചായത്തിൽ ഒടുക്കിയ തുക 127060/- രൂപയാണ്. പല ദിവസങ്ങളിലും കളക്ഷൻ തുകയ്ക്ക് ആനുപാതികമായല്ല പഞ്ചായത്തിൽ തുക ഒടുക്കുവരുത്തിയിട്ടുള്ളത്. കൂടാതെ കളക്ഷൻ രജിസ്റ്ററിൽ തുക ഒടുക്ക് സംബന്ധിച്ച രസീത് നമ്പരുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 35/14.11.19) മറുപടി ലഭ്യമാക്കിയില്ല.

ഓരോ ദിവസത്തെയും കളക്ഷൻ തുക തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽത്തന്നെ പഞ്ചായത്തിൽ ഒടുക്കു വരുത്തി രസീതുകൾ ക്രമപ്രകാരം സൂക്ഷിക്കേണ്ടതാണ്. കൂടാതെ ഓരോ ദിവസത്തെയും കളക്ഷൻ തുകയുടെ കൃത്യത പഞ്ചായത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്.

## 1-17 ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല

2018-19 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 33 മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച 56043/- രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ ടി തുക നാളിതുവരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തിരികെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫീസ്

ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ വരവ് വെക്കേണ്ടതായതിനാൽ ടി തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-18 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഇനത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ടി ഇനത്തിലുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 12/8.11.19) അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ തൻവർഷം 117925/-രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി ഒടുക്കിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഒടുക്കിയ തുകയിൽ നിന്നും കളക്ഷൻ ചാർജ്ജ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-19 ഓഡിറ്റ് ഇംപാക്ട്

മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് വേളയിൽ പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറികളിൽ താഴെ പറയുന്ന എൻക്വയറികൾ പ്രകാരം പരാമർശിച്ചിട്ടുള്ള നഷ്ടം/അധിക ചെലവ് (86974/- രൂപ) ഓഡിറ്റ് സമയത്ത് തന്നെ തിരികെ ഈടാക്കി പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ.

| ക്രമ നം. | പരാമർശ വിഷയം | എൻക്വയറി നം./ തീയതി | ഒടുക്കിയ തുക | രസീത് നം./ തീയതി |
|---|---|---|---|---|
| 1 | പ്രവർത്തി പൂർത്തീകരണത്തിലെ കാലതാമസ്സം- കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല. | 24/12.11.19 | 33326 | 119010102416, 2420/15.11.19 |
| 2 | മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയില്ല | 36/14.11.19 | 1350 | 15.11.19 (വിവിധ രസീതുകൾ) |
| 3 | GST ഇനത്തിൽ 2% റ്റി.ഡി.എസ് ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചു | 41/15.11.19 | 36822 | 119010102454/ 16.11.19 |
| 4 | എം.ജി.എൻ.ആർ. ഇ. ജി.എസ്-കരാറുകാരൻ ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ തുക നൽകി | 42/15.11.19 | 12659 | 119010102446/ 16.11.19 |
| 5 | എം.ജി.എൻ.ആർ.ഇ. ജി.എസ് - ശാസ്താങ്കൽ റോഡ് കോൺക്രീറ്റിംഗ് - അധിക അളവിന് തുക നൽകി | 43/15.11.19 | 2817 | 119010102445/ 16.11.19 |
| | **ആകെ** | | **86974** | |

## 1-20 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 48.10 ലക്ഷം ചെലവഴിച്ചില്ല

ഓഡിറ്റ വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 3.88 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ 3.40 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുത്ത പദ്ധതികളിൽ 87.60% മാത്രമാണ് തൻവർഷം പൂർത്തിയാക്കിയത്. തൻമൂലം ബാക്കി 48.10 ലക്ഷം രൂപ നഷ്ടമായി. വിശദാംശം ചുവടെ.

| ഇനം | അലോട്ടു ചെയ്ത തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 17398935 | 16168196 | 1230739 |
| വികസന ഫണ്ട് - SCP | 3805000 | 3276138 | 528862 |
| | | | |

| | | | |
|---|---|---|---|
| വികസന ഫണ്ട് - TSP | 282000 | 203248 | 78752 |
| മെയിന്റ. ഗ്രാന്റ് - റോഡ് | 3670000 | 3635276 | 34724 |
| മെയിന്റ. ഗ്രാന്റ് - നോൺ റോഡ് | 3574000 | 3384879 | 189121 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10071393 | 7323143 | 2748250 |
| **ആകെ** | **38801328** | **33990880** | **4810448** |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ്. പദ്ധതി ഫണ്ട് ലാപ്സാകാതിരിക്കാൻ തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-21 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ.(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാലും ഓരോ വർഷവും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന റോഡുവർക്കുകളുടെ കൃത്യമായ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകുന്നു. കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെയും വരുന്നു. ഇത് പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾക്ക് കാരണമാകുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ/അപ്ഡേറ്റ് ചെയ്യപ്പെടാതെയും പോകുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ/പരിപാലന പ്രവർത്തനങ്ങൾ പൂർണ്ണമായി ഏറ്റെടുക്കാതെ റോഡിന്റെ വിവിധ ഭാഗങ്ങൾ വ്യത്യസ്ത വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് തുടർന്നു പോരുന്നത്. ഇപ്രകാരം നടപ്പാക്കുന്ന പ്രവർത്തികളിൽ ചെയിനേജുകൾ രേഖപ്പെടുത്താതെ പ്രവൃത്തി തുടങ്ങുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി റോഡിന് പേരു നൽകുകയും ചെലവു പത്രികയിൽ ഇതു പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്യുന്നത്. ഇത് മൂലം ഓരോ വർഷവും നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഇതുമായി ബന്ധപ്പെട്ട ആവശ്യമുന്നയിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. റോഡ് നിർമ്മാണ/മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-22 തെരുവ് വിളക്ക് ഉപകരണം – വാങ്ങിയതിലും കൂടുതൽ ഉപകരണങ്ങൾക്ക് തുക അനുവദിച്ച് നൽകി

പ്രോജക്ട് നം. - S0112/19 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - തെരുവ് വിളക്ക് ഉപകരണം വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഫണ്ടിനം - വികസനഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്)

ആകെ അടങ്കൽ - 74287

ചെലവ് വിവരം - ബിൽ നം.3/18-19/20.6.18 തുക. 45514/-

ബിൽ നം.13/18-19/16.7.18 തുക. 28670/-

ആകെ- 74184

2017-18 വർഷം ആവിഷ്കരിച്ച മേൽ പ്രോജക്ടിനകീഴിൽ തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങാൻ കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. (പഞ്ചായത്ത് കമ്മറ്റി തീരുമാനം 3/26.09.17).

പ്രോജക്ട് നടപ്പിലാക്കിയതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. സെക്രട്ടറിയുടെ 23.3.18ലെ ബി1-1361/17 നം. കത്തിൽ എൽ.ഇ.ഡി.9W, 200 എണ്ണം വിതരണം ചെയ്യുന്നതിന് തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സിനോട് ആവശ്യപ്പെട്ടു. സ്റ്റോക്ക് രജിസ്റ്റർ പേജ് 60 പ്രകാരം, 200 എൽ.ഇ.ഡി.9W ലഭ്യമായതായും ആയത് വിതരണം ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ 118/16.4.18 നം. ഇൻവോയ്സ് പ്രകാരം, 300 എൽ.ഇ.ഡി ലൈറ്റുകൾക്കുള്ള തുകയാണ് നൽകിയിട്ടുള്ളത്. ബിൽ വിവരം താഴെ ചേർക്കുന്നു.

| Item | Qty | Unit price | Gross Amount | Cgst(6%) | Sgst(6%) | Net Amount |
|---|---|---|---|---|---|---|
| LED 9W | 300 | 88.39 | 26517.86 | 1591.07 | 1591.07 | 29700 |

സെക്രട്ടറി നൽകിയ ഇൻഡന്റ് പ്രകാരം 200 ലൈറ്റുകൾ ആവശ്യപ്പെടുകയും ലഭിച്ച 200 എണ്ണം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ 300 എണ്ണത്തിന്റെ വില നൽകിയത് ക്രമ വിരുദ്ധമാണ്. അധികം നൽകിയ തുക 9900/- രൂപ (100x99/-) തിരികെ ഈടാക്കിയിട്ടുള്ള പക്ഷം ആയതിന്റെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/6.11.19), മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക 9900/- (8839+12% GST=1061) രൂപ തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് അധികൃതരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-23 പദ്ധതി രൂപീകരണവും നിർവ്വഹണവും - അധികം നൽകിയ 9623/-രൂപ തിരികെ ഈടാക്കേണ്ടതാണ്

പ്രോജക്ട് നം. - S00017/19

പ്രോജക്ടിന്റെ പേര് - പദ്ധതി രൂപീകരണവും നിർവ്വഹണവും

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ:-
തനത് ഫണ്ട് -200000/-

<u>ചെലവ് വിവരം</u>

ചെക്ക് നം. 027900/13.9.18 തുക. 1167/-

ചെക്ക് നം. 27517/24.9.18 തുക. 17929/-

ചെക്ക് നം. 8736059/28.11.18 തുക. 13530/-

ചെക്ക് നം. 8736059/28.11.18 തുക. 11953/-

ചെക്ക് നം. 1828247/31.12.18 തുക. 37386/-

ചെക്ക് നം. 0505715/22.2.19 തുക. 59250/-

ചെക്ക് നം. 1662382/25.3.19 തുക. 16200/-

ചെക്ക് നം. 505730/25.3.19 തുക. 7712/-

ഫയൽ പരിശോധിച്ചതിൽ, പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവുകളും ആയതിലെ അപാകതകളും ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക കൈപ്പറ്റിയത് | സെക്രട്ടറിയുടെ ഉത്തരവ് നം/തീയതി | നൽകിയ തുക | ചെലവിനം | ചെലവ് വിവരം | | അപാകതകൾ |
|---|---|---|---|---|---|---|---|
| | | | | | ഇൻവോയ്സ് നം/തീയതി | തുക | |
| 1 | ദേശാഭിമാനി | 1)ബി1-1770/18/11.9.18<br>2) ബി1-4692/18/11.9.18 | 15560 | ടെണ്ടർ പരസ്യ തുക | 42659/14.3.18 | 2013 | |
| | | | | | | | |
| | | | | | 39437/22.2.18 | 2013 | |
| | | | | | | | |
| | | | | | 2016011311/ 30.12.16 | 3210 | 2016-17 ലെ ചെലവിനം |
| | | | | | | | |
| | | | 2369<br>17929 | | 2016114666/ 7.11.16 | 2557 | 2016-17 ലെ ചെലവിനം |
| | | | | | | | |
| | | | | | 2016011311/ 30.12.16 | 3210 | തുക ആവർത്തിച്ചു നൽകി,<br>2016-17 ലെ ചെലവിനം |
| | | | | | | | |
| | | | | | 2016114666/ 7.11.16 | 2557 | തുക ആവർത്തിച്ചു നൽകി,<br>2016-17 ലെ ചെലവിനം |
| | | | | | 58086/23.6.18 | 2369 | |
| 2 | ദേശാഭിമാനി | ബി1-6102/18/26.11.18 | 11953 | ടെണ്ടർ പരസ്യതുക | 72309/9.10.18 | 4241 | |
| | | | | | 70051/20.9.18 | 3856 | |
| | | | | | 67329/2.9.18 | 3856 | |
| 3 | ദേശാഭിമാനി | ബി1-6102/18/26.12.18 | 23778 | ടെണ്ടർ പരസ്യതുക | 76934/11.11.18 | 3856 | |
| | | | | | 69022/16.9.18 | 3856 | |
| | | | | | 70051/20.9.18 | 3856 | തുക ആവർത്തിച്ചു നൽകി.(ക്രമ നം.2) |
| | | | | | 78657/22.11.18 | 3213 | |
| | | | | | 79678/2.12.18 | 5141 | |
| | | | | | 79201/25.11.18 | 3856 | |
| | ഇൻഡ്യൻ എക്സ്പ്രസ് | ബി1-6102/18/26.12.18 | 13608 | ടെണ്ടർ പരസ്യതുക | 57966/13.11.18 | 5670 | |
| | | | | | 58549/2.12.18 | 7938 | |

ടെണ്ടർ പരസ്യതുക ഇനത്തിൽ തുക ആവർത്തിച്ചു നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/12.11.19), ആവർത്തിച്ചു നൽകിയ തുക ദേശാഭിമാനിയിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കാത്തപക്ഷം അധികമായി നൽകിയ തുക. 9623/- രൂപ. (3210+2557+3856) സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-24 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -

## നിർവ്വഹണത്തിലെ അപാകതകൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2018-19 വർഷം നടപ്പാക്കിയ 23 റോഡ് പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയൽസ് ടെണ്ടർ ക്ഷണിച്ച് രണ്ട് കരാറുകാരിൽ നിന്നായി വാങ്ങിയിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ടായിട്ടുള്ളതായി കാണുന്നു.

***(1)നിയമ പരമായി കരാർ ചമച്ചിട്ടില്ല***

പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയൽസ് ടെണ്ടർ നടപടി ക്രമത്തിലൂടെയാണ് വാങ്ങിയിട്ടുള്ളതെങ്കിലും കരാറുകാരുമായി നിയമ പരമായി ചമയ്ക്കേണ്ട പ്രാഥമിക കരാർ, കരാർ എന്നിവ കൃത്യമായി തയ്യാറാക്കിയിട്ടില്ല. കരാറുകാരൻ ഒപ്പ് രേഖപ്പെടുത്തിയ ബ്ലാങ്ക് മുദ്രപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വിതരണം ചെയ്യേണ്ട സാധനങ്ങളുടെ വിവരം, അളവ്, നിരക്ക് എന്നിവയൊന്നും കരാറിൽ രേഖപ്പെടുത്തിയിട്ടില്ല.

***(2)GST ഇനത്തിൽ 2% റ്റി.ഡി.എസ് ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചു***

GST രജിസ്ട്രേഷനുള്ള കരാറുകാരൻ സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ മൂല്യം 2.5 ലക്ഷം രൂപയിലധികമായാൽ 2% റ്റി.ഡി.എസ് ഇനത്തിൽ ഈടാക്കി ശേഷിച്ച തുക മാത്രമാണ് കരാറുകാരന് അനുവദിക്കേണ്ടത്. ഇവിടെ 23 പ്രവൃത്തികൾക്കായുള്ള മെറ്റീരിയൽസ് ശ്രീ.ഗോപിനാഥൻ, ശ്രീ.അംബികേശൻ എന്നീ കരാറുകാരിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ അളവ് ബുക്കിൽ ടി.ഡി.എസ് ഇനത്തിൽ 2% തുക കുറവു ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത്തരത്തിലുള്ള കുറവ് വരുത്താതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. നിയമ പ്രകാരം റ്റി.ഡി.എസ് ആയി ഈടാക്കേണ്ട 2% GST തുക കരാറുകാരിൽ നിന്നും നേരിട്ട് ഈടാക്കിയിട്ടുള്ള പക്ഷം ആയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

***(3) അളവുബുക്കുകളിൽ നമ്പർ രേഖപ്പെടുത്തുന്നില്ല***

ഓഡിറ്റ് വർഷം പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള ഭൂരിഭാഗം പ്രവൃത്തികളുടേയും അളവു ബുക്കിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. അളവ് ബുക്കുകളിൽ നമ്പർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

***(4)കയർ ഭൂവസ്ത്ര നിർമ്മാണം - കയർമാറ്റ് വാങ്ങിയതിന്റെ ക്യാഷ് ബിൽ ഹാജരാക്കിയിട്ടില്ല***

കയർ ഭൂവസ്ത്ര നിർമ്മാണത്തിനായി കേരള സംസ്ഥാന കയർ കോർപ്പറേഷനിൽ നിന്നാണ് കയർമാറ്റ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഇതിന്റെ ക്യാഷ് ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇൻവോയ്സിന്റെ പകർപ്പാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.41/15.11.19) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനായ ശ്രീ.ഗോപിനാഥൻ 63178/- രൂപ ജി.എസ്.ടി ഇനത്തിൽ ഒടുക്കിയിട്ടുള്ളതായും, കരാറുകാരനായ ശ്രീ.അംബികേശൻ ഒടുക്കാനുണ്ടായിരുന്ന തുക 36822/- രൂപ ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതായും (119010102454/16.11.19) അറിയിച്ചിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള മറ്റ് അപാകതകൾ ശ്രദ്ധിച്ചിട്ടുണ്ടെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

# 1-25 എം.ജി.എൻ.ആർ.ഇ.ജി.എസ്- കരാറുകാരൻ ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ തുക നൽകി

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ ഉപയോഗിക്കുന്ന 40mm nominal size & above മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡ്സ് കുറവു ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളൂ. (Specification : 1-27-2-3). എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെ കരാറുകാരൻ ലഭ്യമാക്കിയതായി ഇൻവോയിസിൽ പറഞ്ഞിട്ടുള്ള മുഴുവൻ അളവിനും മൂല്യം നിർണ്ണയിക്കുക വഴി താഴെപ്പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എം.ബുക്ക് പ്രകാരം സ്റ്റാക്ക് ചെയ്ത | അനുവദിച്ച തുക @2032/$m^3$ | 7.5% വോയ്ഡ്സ് കുറവുചെയ്ത | അനുവദനീയമായ തുക | അധികം നൽകിയ തുക | അനുബന്ധ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| | | | | | | | |

| | | 40mm മെറ്റലിന്റെ അളവ് $m^3$ | | ശേഷമുള്ള അളവ് ($m^3$ | | | |
|---|---|---|---|---|---|---|---|
| 1 | കറവൻപറമ്പ്-മൂപ്പൻപറമ്പ് കോൺക്രീറ്റിംഗ് (അംബികേശൻ.പി.എസ്) | 28.97 | 58765 (28.92) | 26.8 | 54458 | 4307 | Rc/256296 FTO-136288/3.10.18-397783/- |
| 2 | പൂജവെളി ശാസ്താങ്കൽ റോഡ് കോൺക്രീറ്റിംഗ് (പി.ജി.ഗോപിനാഥൻ) | 33.48 | 65126 (32.05) | 30.97 | 62931 | 2195 | Rc/256343 FTO-377028/3.12.18-872827/- |
| 3 | തോട്ടത്തുശ്ശേരി റോഡ് കോൺക്രീറ്റിംഗ് (പി.ജി.ഗോപിനാഥൻ) | 31 | 63134 (31.07) | 28.67 | 58257 | 4877 | Rc/256333 FTO-388145/2.2.19-428877/- |
| 4 | പുത്തൻവെളി ഊരാളി റോഡ് കോൺക്രീറ്റിംഗ് (പി.ജി.ഗോപിനാഥൻ) | 34.875 | 66304 (32.63) | 32.259 | 65550 | 754 | Rc/256615 FTO-480685/24.1.19-761525/- |
| 5 | യുവശക്തി മറ്റത്തിൽ റോഡ് കോൺക്രീറ്റിംഗ് (പി.ജി.ഗോപിനാഥൻ) | 24.76 | 47833 (23.54) | 22.903 | 46539 | 1294 | Rc/256303 FTO-488038/30.1.19-326237/- |
| 6 | ശാസ്താങ്കൽ റോഡ് കോൺക്രീറ്റിംഗ് (പി.ജി.ഗോപിനാഥൻ) | 32.79 | 63378 (31.19) | 30.33 | 61631 | 1747 | Rc/256603 FTO-377028/3.12.18-872827/- |
| 7 | മഠത്തിൽപറമ്പ് -ചിറയിൽ റോഡ് കോൺക്രീറ്റിംഗ് (പി.ജി.ഗോപിനാഥൻ) | 34.875 | 66832 (32.89) | 32.259 | 65550 | 1282 | Rc/260884 FTO-480573/24.1.19-809921/- |
| 8 | യുവശക്തി പൂവത്തിങ്കൽ റോഡ് കോൺക്രീറ്റിംഗ് (പി.ജി.ഗോപിനാഥൻ) | 11.625 | 22372 (11.01) | 10.753 | 21850 | 522 | Rc/256304 FTO-480432/24.1.19-1011880/- MB-nil |
| 9 | പള്ളിക്കുന്ന് കായൽതീരം റോഡ് മെറ്റലിംഗ് (അംബികേശൻ.പി.എസ്) | 80mm - 5.28 $m^3$ | 8844 (@1675) | 4.884 | 8181 | 663 | Rc/260954 FTO-139535/25.7.18-207113/- MB-851/18-19 |
| | | 63-53mm 46.27 $m^3$ | 86479 (@1869) | 42.799 | 79991 | 6488 | |
| 10 | ജനശക്തി റോഡ് മെറ്റലിംഗ് (അംബികേശൻ.പി.എസ്) | 80mm - 5.28 $m^3$ | 8926 (@1675) 8844 രൂപയ്ക്ക് പകരം | 4.884 | 8181 | 745 | Rc/256618 FTO-126582/18.7.18-218523/- MB-1229/18-19 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | തെറ്റായി നൽകി | | | | |
| | | 63-53mm<br>49.18$m^3$ | 89639/-<br>(47.96$m^3$)<br>(@1869) | 45.49 | 85021 | 4618 | |
| 11 | ഒട്ടാച്ചി- താമരപ്പള്ളി റോഡ് മെറ്റലിംഗ് (അംബികേശൻ.പി.എസ്) | 80mm -<br>5.28 $m^3$ | 8844<br>(@1675) | 4.884 | 8181 | 663 | Rc/256292 FTO-488006/30.1.19-201126/- MB-1206/18-19 |
| | | 63-53mm<br>47.04 $m^3$ | 87917<br>(@1869) | 43.512 | 81324 | 6593 | |
| | **ആകെ** | | | | | **36748** | |

മേൽ അപാകതയ്ക്ക് വിശദീകരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.42/15.11.19) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ അധിക ചെലവായി ഓഡിറ്റിൽ ചൂണ്ടികാട്ടിയ 36748/- രൂപയിൽ 12659/- രൂപ തിരികെ ഒടുക്കിയിട്ടുണ്ടെന്നും (119010102446/16.11.19) ശേഷിച്ച 24089/- രൂപ എത്രയും വേഗം കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയ്ക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## 1-26 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - കയർ ഭൂവസ്ത്രം വിരിക്കൽ - അധിക തുക ചെലവഴിച്ചു

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മുഹമ്മ ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയ കാട്ടുകട – മുഖാരം തോട് കയർ ഭൂവസ്ത്രം വിരിക്കൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഇനം 4 ആയി (supplying & stacking 740GSM coirgeotextiles at site") 1800 $m^2$ കയർ വസ്ത്രം 65/- രൂപ നിരക്കിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ഇത് പ്രകാരം നിർമ്മിക്കാവുന്ന ഭൂവസ്ത്രത്തിന്റെ വിസ്തൃതി 1800 $m^2$ ആയിരിക്കെ ഇനം 7 പ്രകാരം (laying & fixing of geotextile with bamboo nail) 2000$m^2$ ഭൂവസ്ത്രം നിർമ്മിച്ചതായി രേഖപ്പെടുത്തി തുക ചെലവഴിച്ചിട്ടുണ്ട്. ഇത്തരത്തിൽ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയതു മൂലമുണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇന വിവരം | 2000$m^2$ ന് നൽകിയ | | 1800$m^2$ ന് നൽകാവുന്ന | | അധിക ചെലവ് |
|---|---|---|---|---|---|---|
| | | അളവ്/ നിരക്ക് | തുക | അളവ്/ നിരക്ക് | തുക | |
| 1 | Splitting bamboo & making nails | 8000 nos. @7.74/E | 61920 | 7200 nos. @7.74/E | 55728 | 6192 |
| 2 | laying & fixing of geotextile with bamboo nail) | 2000 @ 17.03/$m^2$ | 34060 | 1800 @ 17.03/$m^2$ | 30654 | 3406 |
| | ആകെ | | | | | 9598 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.45/16.11.19) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ പിഴവ് മൂലമാണ് അധിക തുക നൽകാനിടയായത് എന്നറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ അധിക ചെലവായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ -

വർക്ക് ഐ.ഡി -WH-127872

എം.ബുക്ക് നം. - 770/018

പ്രവൃത്തി മൂല്യം -402273/-

FTO- 139669/ 25.7.18

## 1-27 ഗ്രാമ പഞ്ചായത്തിന് വിട്ടുകിട്ടിയ ആംബുലൻസ് - ആംബുലൻസ് ലഭിച്ച് ഒന്നര വർഷത്തോളമായിട്ടും

## ഉപയോഗിക്കുകയോ, കൈമാറ്റം ചെയ്യുകയോ ചെയ്തില്ല.

പാലിയേറ്റീവ് സൊസൈററി ഗ്രാമ പഞ്ചായത്തിന് കൈമാറിയ ആംബുലൻസ് 21.6.18 തീയതിയിൽ ഗ്രാമ പഞ്ചായത്തിന്റെ പേരിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. തുടർന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 9.10.18 ലെ 11(1) നമ്പർ തീരുമാനത്തിൽ ആംബുലൻസ് ഓടിക്കുന്നതിനായി ഡ്രൈവറെ നിയമിക്കുന്നതിനും, പൊതുജനങ്ങളിൽ നിന്നും ആംബുലൻസ് ഉപയോഗത്തിനുള്ള ചാർജ്ജ് ഈടാക്കുന്നതിനായി രസീത് ബുക്കുകൾ പ്രിന്റ് ചെയ്യുന്നതിനും തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി തീരുമാന പ്രകാരം പ്രിന്റ്ചെയ്ത രസീതുകൾ, സ്റ്റോക്ക് രജിസ്റ്റർ, വണ്ടിയുടെ ലോഗ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാനും, ആംബുലൻസ് ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/8.11.19) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ഫീസ് പിരിവുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ രസീത് ബുക്കുകൾ പ്രിന്റ് ചെയ്തിട്ടില്ലെന്നും, ഡ്രൈവറെ നിയമിച്ചിട്ടില്ലാത്തതിനാൽ ലോഗ് ബുക്ക് തയ്യാറാക്കിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് സമയത്ത് ആംബുലൻസ് സർവ്വീസിനു നൽകിയിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ എങ്ങുംതന്നെ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ വണ്ടിയിടാനുള്ള സൗകര്യമില്ലാത്തതിനാലാണ് സർവ്വീസ് സ്റ്റേഷനിൽ നിന്നും ആംബുലൻസ് തിരികെ കൊണ്ടുവരാത്തതെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആംബുലൻസ് സേവനം നടപ്പാക്കിയാലുണ്ടാകുന്ന ബാധ്യത പഞ്ചായത്തിന് താങ്ങുവാനുള്ള സാഹചര്യമില്ലാത്തതിനാലാണ് ആംബുലൻസ് ഉപയോഗിക്കാത്തതെന്നും, ആയത് മുഹമ്മ സി.എച്ച്.സി യ്ക്കു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും സെക്രട്ടറി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുഹമ്മ സി.എച്ച്.സി യിൽ നിലവിൽ 108-ആംബുലൻസിന്റെ സേവനം ലഭ്യമായിട്ടുള്ളതിനാൽ പഞ്ചായത്തിൽ നിന്നുള്ള ആംബുലൻസ് ആവശ്യമില്ലായെന്ന് മെഡിക്കൽ ഓഫീസർ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചിട്ടുണ്ട്. 2018 മോഡലിലുള്ള പുതിയ ഫോഴ്സ് ട്രാവലർ - ആംബുലൻസ് രജിസ്ട്രേഷൻ നടത്തി ഒന്നര വർഷത്തോളമായിട്ടും ഉപയോഗപ്പെടുത്തുകയോ, കൈമാറ്റം ചെയ്യുകയോ ചെയ്തിട്ടില്ല എന്നത് ഗുരുതരമായ അനാസ്ഥയായി കാണുന്നു. ടി വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 എയ്റോബിക് കംപോസ്റ്റ് യൂണിറ്റ് - കരാർ കാലാവധി അവസാനിച്ചിട്ടും നിർമ്മാണം പൂർത്തീകരിച്ചില്ല

| | | |
|---|---|---|
| *നിർവ്വഹണം* | : | *അസിസ്റ്റന്റ് എഞ്ചിനിയർ* |
| *പ്രോജക്റ്റ് നമ്പർ* | : | *169/18* |
| *അടങ്കൽ തുക* | : | *1300000/- (കേന്ദ്രാവിഷ്കൃതം)* |
| *നിർവ്വഹണ ഏജൻസി* | : | *IRTC Project implementation unit* |
| *ടി.എസ് - തുക* | : | *1057000/-* |
| *കരാർ തീയതി* | : | *17.7.2018* |
| *മുൻകൂർ തുക* | : | *211400/-* |
| *ചെക്ക്. നമ്പർ* | : | *683808/1.10.18* |

ഗ്രാമ പഞ്ചായത്തിലെ 4 കോളനികളിൽ എയ്റോബിക് കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം നിർവ്വഹണ ഏജൻസിയുമായി 17.7.2018 ൽ കരാർ ചമയ്ക്കുകയും, കരാർ വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 20% തുക മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 6 മാസം പൂർത്തീകരണ കാലയളവ് അനുവദിച്ചിട്ടുള്ള പ്രവൃത്തി 16.1.2019 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ടി പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം, കാലതാമസത്തിന്റെ കാരണം എന്നിവ ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/12.11.19) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പരിസരവാസികളുടെ എതിർപ്പിനെ തുടർന്ന് സൈറ്റിൽ മാറ്റം വരുത്തിയതിനാലാണ് പ്രവൃത്തി യഥാസമയം പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നതെന്നും നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കി വിവരം അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷത്തിൽ ഏറ്റെടുത്ത

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ ഇവ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് (TR 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(3) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാനുവൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(4) പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(5) പി.ഡബ്യു.ഡി മാനുവൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/12.11.19) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-30 വൈദ്യുതി ലൈൻ വ്യാപനം - 1873392/- രൂപ കൈപ്പറ്റി, പ്രവൃത്തി ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം - S0100/19

പ്രോജക്ടിന്റെ പേര് - വൈദ്യുതി ലൈൻ വ്യാപനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വികസനഫണ്ട് (ധനകാര്യകമ്മീഷൻ അവാർഡ്) - 516000

ജില്ലാ പഞ്ചായത്ത് വിഹിതം -924985

വികസനഫണ്ട് (പൊതുവിഭാഗം) - 222297

തനത് ഫണ്ട് - 210110

ആകെ അടങ്കൽ - 1873392

ചെലവ് വിവരം

ബിൽ നം.28/18-19/16.1.19 തുക. 222297/-

ബിൽ നം.29/18-19/16.1.19 തുക. 516000/-

ചെക്ക് നം. 0505722/8.3.19 തുക. 11104/-

ചെക്ക് നം. 0117971/23.1.19 തുക. 199006/-

ചെക്ക് നം. 0117980/8.3.19 തുക. 450000/-

ചെക്ക് നം. 1662361/8.3.19 തുക. 474985/-
ആകെ- 1873392/-

പ്രോജക്ട് പ്രകാരം, പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള 9 റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, മുഹമ്മ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 1873392/- രൂപ ഇലക്ട്രിസിറ്റി ബോർഡിൽ ഒടുക്കുകയും, കെ.എസ്.ഇ.ബി. ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കരാറിൽ (കരാർ ഉടമ്പടി നം.ബി1-6/18-19/11.3.19) ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുമായി ബന്ധപ്പെട്ട് 1873392/- രൂപ കൈപ്പറ്റിയതിന്റെ രശീതി ഹാജരാക്കിയിട്ടുണ്ട്.

കരാർ പ്രകാരം, പ്രവൃത്തി പൂർത്തീകരണ തീയതി 30.9.2019 ആണ്. എന്നാൽ പൂർത്തീകരണ സർട്ടിഫിക്കറ്റ്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, അല്ലെങ്കിൽ നിലവിലെ സ്ഥിതി എന്നിവ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/6.11.19), പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും, പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കി. നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതിനാൽ ചെലവ് തുക 1873392/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക(ഫണ്ടിനം) | ചെലവ് | അപാകതകൾ |
|---|---|---|---|---|---|
| 1 | S0006/19 | ആർദ്രം മിഷൻ-വിഹിതം നൽകൽ | 500000/- (വികസനഫണ്ട്) | ബിൽ നം.12/18-19/16.7.18 തുക.500000/- | ആർദ്രം മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് ആര്യാട് ബ്ലോക്കിന് തുക നൽകി. എന്നാൽ കൈപ്പറ്റ് രശീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | S0055/19 | സ്ത്രീസൗഹൃദ ആര്യാട് പദ്ധതി-വിഹിതം നൽകൽ | 150000/- (വികസനഫണ്ട്) | ബിൽ നം.17/18-19/28.9.18 തുക.150000/- | ആര്യാട് ബ്ലോക്കിന് സ്ത്രീസൗഹൃദ ആര്യാട് പദ്ധതിക്ക് വിഹിതം നൽകി. എന്നാൽ കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 3 | S0005/19 | ഐ.കെ.എം. ന് വിഹിതം നൽകൽ | 73905/- (വികസനഫണ്ട്) | ബിൽ നം.5/18-19/29.6.18 തുക.73905/- | ഐ.കെ.എം. ന് വിഹിതം നൽകി. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 4 | S0003/19 | ആശ്രയ പദ്ധതി | 112000/- (വികസനഫണ്ട്) 100000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം ആകെ അടങ്കൽ- 212000/- | 1)ബിൽ നം.24/18-19/30.11.18 തുക.112000/- 2)ചെക്ക്നം. 117969/3.12.18 തുക.100000/- | അഗതി- ആശ്രയ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീയുടെ ആശ്രയ അക്കൗണ്ടിലേക്ക് തുക നൽകി. തുകയുടെ വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല. |
| | | ആകെ | 935905 | | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/8.11.19) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത മേൽ പദ്ധതികൾ പ്രകാരം നൽകിയ 935905/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 എച്ച്.എം - ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

2018-19 സാമ്പത്തികവർഷം ആസാദ് മെമ്മോറിയൽ പഞ്ചായത്ത് എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പ്രോജക്ടുകളുടെ ഫയലും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1) പ്രോജക്ട് നം - S0010/19

പ്രോജക്ടിന്റെ പേര് - എസ്.സി.കുട്ടികൾക്ക് ലാപ് ടോപ്പ്

വികസന ഫണ്ട് (എസ്.സി.പി) - 90000/-

ചെലവ് - ബിൽ നം.7/18-19/15.2.19. തുക. 89220/-

2) പ്രോജക്ട് നം - S0072/19

പ്രോജക്ടിന്റെ പേര് - പട്ടികവർഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണം

വികസന ഫണ്ട് (ടി.എസ്.പി) - 33700/-

ചെലവ് - ബിൽ നം.8/18-19/15.2.19. തുക. 33700/-

3) പ്രോജക്ട് നം - S0008/19

പ്രോജക്ടിന്റെ പേര് - എസ്.എസ്.എ. വിഹിതം നൽകൽ

വികസന ഫണ്ട് - 800000/-

ചെലവ് - ബിൽ നം.1/18-19/30.6.18. തുക. 800000/-

ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/13.11.19) മറുപടി ലഭ്യമാക്കുകയോ ഫയലുകൾ ഹാജരാക്കുകയോ ചെയ്തില്ല. ഈ സാഹചര്യത്തിൽ മേൽ പദ്ധതികൾക്കു കീഴിൽ ചെലവഴിച്ച 922920/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 ഡിജിറ്റൽ ബോർഡ് - വിതരണരേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം - S0062/19

പ്രോജക്ടിന്റെ പേര് - ആസാദ് സ്കൂളിനും ഗവ.എൽ.പി.സ്കൂൾ മുഹമ്മയ്ക്കും ഡിജിറ്റൽ ബോർഡ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്, ആസാദ് മെമ്മോറിയൽ പഞ്ചായത്ത് എൽ.പി.സ്കൂൾ

വികസന ഫണ്ട് - 100000/-

മെയ്ന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) - 600000/-

ആകെ അടങ്കൽ - 700000/-

ചെലവ് - ബിൽ നം.5/18-19/15.2.19. തുക. 100000/-

ബിൽ നം.6/18-19/12.3.19. തുക. 568400/-

**ആകെ-** 668400/-

സ്കൂളുകൾ ഹൈടെക് ആക്കുന്നതിന് വേണ്ടി ലക്ഷ്യമിട്ട മേൽ പ്രോജക്ടിനായി ആർ.ജെ.എന്റർപ്രൈസസ്, കോട്ടയത്തിന്റെ RJE00791/29.1.19 നം. ഇൻവോയ്സ് പ്രകാരം, 668400/- രൂപ ചെലവഴിച്ച് താഴെ ചേർക്കും പ്രകാരം സാധനങ്ങൾ വാങ്ങി.

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | Projector | 7 |
| 2 | Wallmount kit | 7 |
| 3 | Mini computer | 7 |
| 4 | USB speaker | 7 |
| 5 | White board size 6X4 | 7 |
| 6 | Raptor interactive white board | 7 |
| 7 | Desk top computer | 2 |

| | | |
|---|---|---|
| 8 | Printer | 2 |

അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.
2. സ്കൂളുകളിൽ നിന്നുള്ള സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/14.11.19) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 668400/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 സാന്ത്വനം, സൈക്യാട്രി പ്രോജക്ട് - അപാകതകൾ

പ്രോജക്റ്റ് നം - S0106/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)

വികസനഫണ്ട് (പൊതുവിഭാഗം) - 1000000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-260500/-

ആകെ അടങ്കൽ - 1260500/-

ചെലവ് വിവരം - 1) ബിൽ നം.1/18-19/25.10.18. തുക. 212400/-

2) ബിൽ നം. 2/18-19/30.11.18. തുക. 250000/-

3) ബിൽ നം. 3/18-19/30.11.18. തുക. 40000/-

4) ബിൽ നം. 4/18-19/30.11.18. തുക. 35538/-

5) ബിൽ നം. 6/18-19/4.2.19. തുക. 418000/-

6) ബിൽ നം. 7/18-19/4.2.19. തുക. 8350/-

7) ചെക്ക് നം. 0117975/31.1.19. തുക. 61400/-

8) ചെക്ക് നം. 0117976/1.2.19. തുക. 72250/-

9) ചെക്ക് നം. 1662369/29.3.19. തുക. 126850/-

ആകെ- 1224788/-

പദ്ധതി ചെലവ് സംബന്ധിച്ച് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) ക്രമ നം.3 പ്രകാരമുള്ള ബില്ലിൽ (ബിൽ തുക. 40000/-), 40000/- രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് നൽകി. എന്നാൽ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

2) ക്രമ നം.4 പ്രകാരമുള്ള ബില്ലിൽ (ബിൽ തുക. 35538/-), വൗച്ചർ നം. 207/18-19 മുതൽ 241/18-19 വരെയുള്ള തുക 20538/- എന്ന് ചെലവിന്റെ സംക്ഷിപ്ത സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നു.ആയത് പ്രകാരം വൗച്ചർ നം. 240,241 എന്നിവയുടെ വിവരം ചുവടെ കൊടുക്കുന്നു.

| വൗച്ചർ നം. | ഇനം | തുക |
|---|---|---|
| 240/18-19 | TA for CME | 200 |
| 241/18-19 | Mobile recharge bill | 300 |

എന്നാൽ പ്രസ്തുത വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയിട്ടുള്ള രേഖകൾ പ്രകാരം, വൗച്ചർ നം. 240,241 എന്നിവ യഥാക്രമം ക്രമ നം. 2,3 എന്നീ ബില്ലുകളിലെ 250000/-, 40000/- എന്നീ ചെലവുകളാണ്. വൗച്ചറുകളുടേയും അനുബന്ധ രേഖകളുടേയും അഭാവത്തിൽ ചെലവ് ചെയ്ത 500/- രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

3) ക്രമ നം.5 പ്രകാരമുള്ള ബില്ലിൽ (ബിൽ തുക. 418000/-), 365000/- രൂപ മരുന്നുകൾ വാങ്ങുന്നതിന് ചുവടെ വിവരിക്കും പ്രകാരം ചെലവഴിച്ചതാണ്.

| ക്രമ നം | വൗച്ചർ നം./തീയതി | തുക നൽകിയത് | ഇനം/ഇൻവോയ്സ് നം./തീയതി | നൽകിയ തുക |
|---|---|---|---|---|
| 1 | 316/18-19 | KMSCL | മരുന്ന്/PRF3348/18.12.18 | 150000 |
| 2 | 317/18-19 | KMSCL | മരുന്ന്/PRF3348/18.12.18 | 215000 |
| | | ആകെ | | 365000 |

എന്നാൽ പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല.

4) ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.40/15.11.19), മരുന്നുകൾ ലഭ്യമായിട്ടില്ലയെന്ന മറുപടി ലഭ്യമാക്കി. ആയതിനാൽ മരുന്നുകൾ വാങ്ങുന്നതിനായി മുൻകൂറായി ചെലവഴിച്ച 4,05,000/- രൂപ (40000+365000) തടസ്സപ്പെടുത്തുന്നു.

ക്രമ നം. 2 ലെ അധിക ചെലവ് 500/- രൂപ തിരികെ അടവാക്കേണ്ടതാണ്.

വരവ് ചെലവുകൾ അതാത് തീയതികളിൽ തന്നെ TR 7A ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമായതിന്റേയും സ്റ്റോക്ക് എൻട്രി നടത്തി വിതരണം ചെയ്തതിന്റേയും രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 പത്താം തരം തുല്യതാ പരീക്ഷ – രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല

പ്രോജക്ട് നം. - S0007/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്

വികസന ഫണ്ട് - 60000/-

ചെലവ് - ബിൽ നം.3/18-19/6.12.18. തുക. 59800/-

മേൽ പ്രോജക്ടിൽ പത്താം തരം തുല്യതയ്ക്ക് 8 പഠിതാക്കൾക്കായി, 1850/- രൂപാ വീതം 14800/- രൂപ, ഹയർ സെക്കന്ററി തുല്യതയ്ക്ക് 18 പഠിതാക്കൾക്കായി 2500/- രൂപാ വീതം 45000/- രൂപ , ഉൾപ്പടെ ആകെ 59800/- രൂപ, രജിസ്ട്രേഷൻ ഫീസ് കോഴ്സ് ഫീസ് ഇനങ്ങളിൽ കേരള സംസ്ഥാന സാക്ഷരതാമിഷനിൽ അടച്ചിട്ടുണ്ട്. എന്നാൽ പഠിതാക്കളെ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. പഠിതാക്കളുടെ അപേക്ഷ, പരീക്ഷയിൽ പങ്കെടുത്തവരുടെ വിവരം, സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ രേഖകൾ, സാക്ഷരതാമിഷനിൽ നിന്നുള്ള തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/13.11.19) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക. 59800/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-36 മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകി

പ്രോജക്ട് നം. - S0073/19

പ്രോജക്ടിന്റെ പേര് - മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ (മേശ, കസേര)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

വികസന ഫണ്ട് - 200000/-

ചെലവ് വിവരം - ബിൽ നം. 1/18-19/31.12.18 തുക. 88000/-

ബിൽ നം. 2/18-19/19.3.19 തുക. 112000/-

ആകെ- 200000/-

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും 200000/- രൂപ ചെലവഴിച്ച് 25 വീതം മേശയും കസേരയും വാങ്ങി വിതരണം ചെയ്തു. ഉപകരണങ്ങൾ കൈപ്പറ്റിയവരിൽ താഴെപ്പറയുന്ന രണ്ടു പേർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവരാണ്.

| 1. ഗുണഭോക്താവിന്റെ പേര് | മകൻ/മകൾ | പഠിക്കുന്ന ക്ലാസ് |
|---|---|---|
| പുരുഷോത്തമൻ.എൽ.എൽ, പുത്തൻകരിയിൽ | ജിനമോൾ.പി.പി | 9 |
| കണ്ണൻ, ഞാറവേലിൽ | ഗായത്രി.കെ.എൻ | 6 |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/12.11.19), ഗുണഭോക്തൃലിസ്റ്റിൽ അർഹതാ മാനദണ്ഡങ്ങൾ പാലിക്കുന്ന ഗുണഭോക്താക്കൾ ഇല്ലാത്തതിനാലും, കുട്ടികൾക്ക് പഠിക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യം ഇല്ലാത്തതിനാലുമാണ് മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതെന്നും, പ്രസ്തുത ഗുണഭോക്താക്കളുടെ ലിസ്റ്റ് റാറ്റിഫൈ ചെയ്തു ലഭിക്കുന്നതിനായി അപേക്ഷ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയ നടപടി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. മേശ, കസേര എന്നിവയുടെ വിലയായി 8000/- രൂപ പ്രകാരം മേൽ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 16000/- രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയതു സംബന്ധിച്ച് ഗ്രാമസഭയുടെ സാധൂകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ -വിനിയോഗ രേഖ ഹാജരാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾക്കായി തുക നൽകിയിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

1. പ്രോജക്ട്: കേൾവി ശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിനു ശേഷമുള്ള ശ്രവണ സഹായികൾ വാങ്ങി നൽകൽ (S0097/19)

അടങ്കൽ : 150000/-(വികസന ഫണ്ട്)

ചെലവ് : 150000/-( ബിൽ നം 10/27.3.19 )

ടി പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രവണ സഹായി വാങ്ങുന്നതിന് ഒരു ഗുണഭോക്താവിന് 50000/-രൂപ വീതം 3 ഗുണഭോക്താക്കൾക്കായി 150000/- രൂപ കേരളാ സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2. പ്രോജക്ട്: അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ(S0109/19)

അടങ്കൽ : 71625/-

ചെലവ് : 70000/- (ബിൽ നം. 9/21.3.19)

ടി പദ്ധതിയുമായി ബന്ധപ്പെട്ട് 5 അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷനായി 70000/- രൂപ 20.3.19 ൽ കേരളാ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി ആരംഭിച്ചിട്ടില്ല. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 15.7.19 ലെ കത്ത് പ്രകാരം എസ്റ്റിമേറ്റ് തുകയിൽ ജി.എസ്.ടി കൂടി ഉൾപ്പെടുത്തിയപ്പോൾ എസ്റ്റിമേറ്റ് തുക 80000/- രൂപയായിട്ടുണ്ടെന്നും ആയത് നിക്ഷേപിക്കുന്ന മുറയ്ക്ക് പ്രവൃത്തി നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 10,000/- രൂപ 2019-20 പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ടെന്നറിയിച്ചു.

മേൽ പദ്ധതികൾക്കായി ചെലവഴിച്ച 2,20,000/-രൂപ (150000/-+70,000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-38 കന്നുകുട്ടി പരിപാലനം-വിനിയോഗ രേഖകൾ

## ലഭ്യമാക്കുന്നത് സംബന്ധിച്ച്

അടങ്കൽ : 1250000/-

ചെലവ് : 312500/-(വികസന ഫണ്ട്)

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ടി പദ്ധതിയുമായി ബന്ധപ്പെട്ട് 50 ഗുണഭോക്താക്കൾക്കായി വികസനഫണ്ടിൽ നിന്നും 312500/- രൂപ ആലപ്പുഴ കാഫ് ഫീഡ് പ്രോഗ്രാം സബ്സിഡി ഓഫീസ് അക്കൌണ്ടിലേക്ക് ബിൽ നം 1/31.12.18 പ്രകാരം നൽകിയിട്ടുണ്ട്. കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയ മുഹമ്മ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ, വിതരണം നടത്താൻ തുടങ്ങിയത് 07/2019 ലാണ്. ഇതിൽ 49 ഗുണഭോക്താക്കളാണ് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത്. തുടർന്ന് 08/2019 മുതൽ 48 പേരാണ് ആനുകൂല്യം കൈപ്പറ്റിയതായി കാണുന്നത്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിതരണ രേഖകൾ സഹിതം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-39 അംഗീകൃത യൂണിറ്റ് കോസ്റ്റിലും അധിക നിരക്കിൽ വാങ്ങി

പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 10.7.19 ലെ റ്റി.സി(3)4878/17 നമ്പർ കത്തിൽ 2018-19 സാമ്പത്തിക വർഷത്തെ ജൈവവളങ്ങൾ, കുമ്മായം, ഡോളമൈറ്റ്, ജൈവ കീടനാശിനികൾ എന്നിവയുടെ ജില്ലാതലത്തിലുള്ള യൂണിറ്റ് കോസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾക്കായി യൂണിറ്റ് കോസ്റ്റിലും അധിക നിരക്കിൽ ഇവ വാങ്ങിയിട്ടുണ്ട്.

| പ്രോജക്റ്റിന്റെ പേര് | ചെലവ് തുക, ബിൽ നം. | ഇനം | അളവ് Kg | നൽകിയ വില | യൂണിറ്റ് കോസ്റ്റ് പ്രകാരം നൽകേണ്ടിയിരുന്ന വില | വ്യത്യാസം |
|---|---|---|---|---|---|---|
| തെങ്ങിന് ജൈവവളവും ഇടവിളകൃഷിയും (S0082/19) | (ബിൽ നം.12/17.1.19, രൂ.50625/-, ചെക്ക്നം. 1828130/ 30.04.19, രൂ.20250/- ) | ഡോളമൈറ്റ് | 7500 | 70875/- @9.45/- per Kg | 60000/-@Rs.8/- per Kg | 10875/- |
| നെൽവിത്തും കുമ്മായവും പണിക്കൂലി സബ്സിഡിയും (S0078/19) | (ബിൽ നം. 2/23.11.18, രൂ.29700/-,ചെക്ക് നം. 2507363/ 30.4.19,(രൂ.11880/-) | കുമ്മായം | 3000 | 41580/- @13.86/- per Kg | 28500/- @9.5/- per Kg | 13080/- |
| പച്ചക്കറി കൃഷി ഗ്രൂപ്പുകൾ (S0089/19) | (ബിൽ നം. 11/17.1.19, രൂ.3424/-, ചെക്ക്നം. 2507363/30.4.19, രൂ.1376/- ) | സ്യൂഡോമോണസ് | 16 | 1600/- @100/- per Kg | 1200/-@75/- per Kg | 400/- |

കൂടാതെ പച്ചക്കറികൃഷി-അടുക്കളത്തോട്ടം(S0087/19), പച്ചക്കറികൃഷി-ഗ്രൂപ്പുകൾ (S0089/19) എന്നീ പദ്ധതികൾക്കായി 3865.78 kg (3332.5+533.28) ജൈവവളം മിക്സ്ചർ കിലോഗ്രാമിന് 30/-രൂപ നിരക്കിൽ 115965/-രൂപയ്ക്ക് (99967+15998) KAICO യിൽ നിന്നും വാങ്ങിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ ജില്ലാതല യൂണിറ്റ് കോസ്റ്റ് കിലോഗ്രാമിന് 20 മുതൽ 25 രൂപ വരെയാണ്.

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.21/12.11.2019) ലഭ്യമാക്കിയ മറുപടിയിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചശേഷം ഉല്പന്നങ്ങളുടെ വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുന്നതുമൂലമാണ് അധികനിരക്കിൽ വാങ്ങിയതെന്നറിയിച്ചു. എന്നാൽ വിദഗ്ധ സമിതി ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ള ഇനങ്ങൾക്ക് ഇതിലധികരിക്കാതെ വാങ്ങൽ നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

## 1-40 കാർഷിക മേഖല -വിത്തുകളും തൈകളും ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിൽ വ്യക്തത ഇല്ല

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് വിത്തുകളും തൈകളും ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിൽ വ്യക്തത ഇല്ല.

1. ഇഞ്ചി ഗ്രാമം (S0085/19) – പദ്ധതിയുമായി ബന്ധപ്പെട്ട് വികസനഫണ്ടിൽ നിന്നും 71100/- രൂപയും തനത് ഫണ്ട് 23700/- രൂപയും ഉൾപ്പെടെ 94800/- രൂപ ചെലവഴിച്ച് RAIDCOയിൽ നിന്നും (ബിൽ നം. 15/22.02.19, 71,100/-, ട്രഷറി ചെക്ക് നം. 2507363/30.4.19, 23700/-) 474 യൂണിറ്റ് ഇഞ്ചിവിത്ത് (3.448 Kg@ Rs.58 per Kg) കിറ്റൊന്നിന് 200/- രൂപ നിരക്കിൽ വാങ്ങുകയും ഇത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ വാർഡിലും സി.ഡി.എസ്. മുഖേനയാണ് വിതരണം നടത്തിയത്. എന്നാൽ 14-ാം വാർഡിൽ വിതരണത്തിനായി 24 കിറ്റുകൾ നൽകിയെങ്കിലും വിതരണ രജിസ്റ്ററിൽ 34 കിറ്റുകൾ വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിതരണ രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല. ആകെ 474 കിറ്റ് ഇഞ്ചിവിത്താണ് വാങ്ങിയിട്ടുള്ളതെങ്കിലും 484 കിറ്റുകൾ വിതരണം നടത്തിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2. കുറിയ ഇനം തെങ്ങിൻതൈ വിതരണം (S0082/19)-പദ്ധതി പ്രകാരം 225000/- രൂപ ചെലവഴിച്ച് (168000-വികസനഫണ്ട്, 57000-ഗുണഭോക്തൃ വിഹിതം) തൈ ഒന്നിന് 75/- രൂപ നിരക്കിൽ 3000 തെങ്ങിൻതൈകൾ VFPCK യിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഓരോ വാർഡിലും സി.ഡി.എസ്. മുഖേനയാണ് തൈ വിതരണം നടത്തിയിട്ടുള്ളത്. 16-ാം വാർഡിൽ വിതരണത്തിനായി 187 തൈകൾ കൈപ്പറ്റിയതിൽ 172 എണ്ണമാണ് വിതരണം നടത്തിയിട്ടുള്ളത്. 7-ാം വാർഡിൽ 185 തൈകൾ കൈപ്പറ്റിയെങ്കിലും വിതരണം നടത്തിയത് 187 എണ്ണമാണ്. ഇപ്രകാരം ആകെ 2987 തൈകളുടെ വിതരണമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയത്. എന്നാൽ 3000 തൈകളും ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ടെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ പിശക് സംഭവിച്ചതാണെന്നും കൃഷി ഓഫീസർ അറിയിച്ചിരുന്നു.

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.26/13.11.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണ രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഗുണഭോക്തൃ വിഹിതം ഒടുക്കിയ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തി വിതരണം കൂടുതൽ സുതാര്യമാക്കേണ്ടതുമാണ്.

# 1-41 തെരുവ് വിളക്കുകളുടെ പ്രവർത്തനം- പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണ്. (പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവ്) തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ടി നടപടി ക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ പ്രഥമ പരിഗണന അർഹിക്കുന്ന തെരുവ് വിളക്കുകളുടെ കാര്യക്ഷമമായ പരിപാലനത്തിന് മേൽ സംവിധാനം അത്യാവശ്യമാണ്. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# 1-42 വിമാന യാത്ര - സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല

മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.ജയലാൽ ജയദേവൻ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ.ഷാജികുമാർ എന്നിവർ ആയുഷ് അവാർഡ് ദാന പരിപാടിക്ക് ദൽഹിക്ക പോയ വിമാനയാത്രയുമായി ബന്ധപ്പെട്ട് ചെക്ക് നമ്പർ 699147/25.02.19 പ്രകാരം 40854/- രൂപ അനുവദിച്ചു. എന്നാൽ ആയുഷ് അവാർഡ് പരിപാടിക്ക് ക്ഷണിച്ചതിന്റെ രേഖയോ, സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭിച്ചതിന്റെ രേഖയോ ഫയലിൽ നിന്നും ലഭ്യമായില്ല (ചട്ടം 34, കെ.എസ്.ആർ.വാല്യം 1 പാർട്ട് 2). ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല (08.11.19). ആയതിനാൽ അപാകതയിന്മേൽ വിശദീകരണം നൽകേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത ചെലവ് സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കിലെടുക്കുന്നതാണ്.

# 1-43 വാഹന ഇന്ധന ഉപയോഗ സർട്ടിഫിക്കറ്റ് എടുക്കാത്തതും നിർദ്ദിഷ്ട രജിസ്റ്ററുകൾ പാലിക്കപ്പെടാത്തതും സംബന്ധിച്ച്

ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മുഹമ്മ പഞ്ചായത്ത് വക മഹീന്ദ്രാ ജീപ്പിന് (കെ.എൽ.32.എൽ-879(റ്റി.യു.വി.-300)) ഇത് പരിപാലിക്കപ്പെടുന്നില്ല. റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ പരിപാലിക്കപ്പെടുന്നില്ല. ഇന്ധന ഉപയോഗം സംബന്ധിച്ച് മാസംതോറും ഉള്ള വിശദമായ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല. വാഹന പരിപാലനം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

## 1-44 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിക്കുന്നു.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ സുഗമവും സുതാര്യവുമായ നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് (3217/15/തസ്വഭവ. തീയതി.29.10.2015) പ്രകാരം പാലിയേറ്റീവ് പരിചരണ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്ന രോഗികളുടെ പേരുകൾ (മരണപ്പെട്ടവരും, ഒഴിവാക്കപ്പെട്ടവരും ഒഴികെ) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ മേൽപ്പറഞ്ഞ ഉത്തരവിന്റെ തീയതി (29.10.15) മുതൽ 60 ദിവസത്തിനകം പ്രദർശിപ്പിക്കണമെന്നും അല്ലാത്ത പക്ഷം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നളിതുവരെ പാലിയേറ്റീവ് പരിചരണത്തിൽപ്പെട്ട രോഗികളുടെ പേരുകൾ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടില്ല. ആയതിനാൽ പാലിയേറ്റീവിനായി ചെലവഴിച്ച തുകയ്ക്ക് നിയമസാധുതയില്ലാതാകുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായുള്ള ചെലവിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-45 തൊഴിൽരഹിത വേതനം കൂടുതൽ തുക അനുവദിച്ചതും അപേക്ഷയിന്മേൽ നടപടിയെടുക്കുവാൻ വൈകുന്നതും

മുഹമ്മ ഗ്രാമപഞ്ചായത്ത് തൊഴിൽരഹിത വേതനം അനുവദിച്ചത് കൂടുതലായി കാണുന്നു.

| പേര്/റോൾ നമ്പർ/ ക്രമ നമ്പർ | അനുവദിച്ച തീയതി | അനുവദിച്ച മാസങ്ങൾ | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | കൂടുതൽ | റിമാർക്സ് |
|---|---|---|---|---|---|---|
| ഷിനു വേണുഗോപാൽ/ 674 | 13/3/19 | 8/17 മുതൽ 3/18 വരെ | 960 | 840 | 120 | കഴിഞ്ഞ ഗഡു അനുവദിച്ചത് (19/7/18ൽ) 1/17 മുതൽ 8/17 വരെ കാലയളവ് ആയിരുന്നു.എന്നാൽ അടുത്ത ഗഡു അനുവദിച്ചത് 8/17 ഉൾപ്പെടെയാണ്. ഒരു ഗഡു കൂടുതൽ ലഭിച്ചു. |
| അഞ്ജു.പി.കുറുപ്പ്/659 | 12/3/19 | 9/17 മുതൽ 3/18 വരെ | 960 | 840 | 120 | 7 മാസത്തെ തുകയാണ് അനുവദിച്ചത്. എന്നാൽ 1 മാസത്തെ തുക കൂടുതൽ നൽകി. |

തൊഴിൽരഹിത വേതനം നൽകുന്നതിനുള്ള അപേക്ഷയിന്മേൽ അന്വേഷണം നടത്തി 45 ദിവസത്തിനകം വേതനം അനുവദിക്കേണ്ടതാണ് (ചട്ടം 6(ii)). എന്നാൽ ഇതിനു വിരുദ്ധമായി ആര്യമോൾ, കളത്തിൽ(1.10.18) രമ്യമോൾ,ചാണിവെളി (31.7.18) സന്തോഷ് വി.ആർ., വൈക്കത്തുപറമ്പിൽ (1.10.18) എന്നിവർ അപേക്ഷിച്ച് ഒരു വർഷം

കഴിഞ്ഞിട്ടും നാളിതുവരെ അപേക്ഷയിന്മേൽ നടപടി ഉണ്ടായില്ല. അധികമായി വിതരണം ചെയ്ത 240/-രൂപ ഗുണഭോക്താക്കളിൽ നിന്നുമോ അല്ലാത്തപക്ഷം വിതരണത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നുമോ തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തു നികുതി-നിർണ്ണയിച്ചതിൽ അപാകതകൾ

പഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നികുതി നിർണ്ണയിച്ചതിൽ കുറവ്

കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 50/- മുതൽ 70/-രൂപ വരെ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടനികുതി ഈടാക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, ഒരു ചതുരശ്ര മീറ്ററിന് 65/- രൂപ നിരക്കിലാണ്. എന്നാൽ താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ നികുതി, ചതുരശ്ര മീറ്ററിന് 55/-രൂപ നിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. ഇതുമൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വന്നിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്നം./ കെട്ടിട നം. | പേരും അഡ്രസ്സും, | തറ വിസ്തീർണ്ണം (ച. മീറ്ററിൽ) | ഇളവ് (%) | വർദ്ധന (%) | അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി | ഈടാക്കിയ നികുതി | കുറവ് (LC ഒഴികെ) | ലൈബ്രറി സെസ് |
|---|---|---|---|---|---|---|---|---|---|
| 8/22A | മേഴ്സി ജോസഫ് & ലത തോമസ് | 109.62 | - | 20% (റോഡ്:5 മീറ്ററിൽ കൂടുതൽ) | 8550/- (=109.62* 65+1425) | 8978/- (= 8550+ 428 (LC)) | 7235+ 362 7597/- | 1315/- | 66 |
| 8/22B | മേഴ്സി ജോസഫ് & ലത തോമസ് | 128.79 | - | 20% (റോഡ്:5 മീറ്ററിൽ കൂടുതൽ) | 10045/- (=128.79*65+ 1674) | 10547/- (=10045+ 502(LC)) | 8501+ 426(LC) 8927/- | 1544/- | 76 |
| 8/381A | അലക്സ് മാത്യു | 282.507 | | 20% (റോഡ്:5 മീറ്ററിൽ കൂടുതൽ) | 22036/- (=282.507* 65+3673) | 23138/- (=22036+ 1102(LC) | 18646+ 933(LC) 19579/- | 3390/- | 169 |
| 8/461B | ഷെഫി ആലയ്ക്കൽ | 129.19 | - | 20% (റോഡ്:5 മീറ്ററിൽ കൂടുതൽ) | 10076/- (=129.19* 65+1679) | 10580/- (=10076+ 504(LC) | 8527+ 427(LC) 8954/- | 1549/- | 77 |
| 8/587B | മണി ആമക്കാട്ടിൽ | 118.47 | | 20% (റോഡ്:5 മീറ്ററിൽ കൂടുതൽ) | 9241/- (=118.47* 65+1540) | 9703/- (=9241+ 462(LC) | 7819+ 392(LC) 8211/- | 1422/- | 70 |
| 8/587A | " | 112 | - | 20% (റോഡ്:5 | 8736/- (=112* 65+1456) | 9173/- (=8736+ 437(LC)) | 7392+ 370(LC) 7762/- | 1344/- | 67 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | മീറ്ററിൽ കൂടുതൽ) | | | | | |
| 13/35B | പ്രവീൺ, പണ്ടാര പ്പാട്ടത്തിൽ | 329.34 | 10% (കുറഞ്ഞ തരം മേൽക്കൂര) | 20% (റോഡ്:5 മീറ്ററിൽ കൂടുതൽ) | 23548/- (=329.34* 65-2141+ 42814 | 24725 (=23548+ 1177(LC)) | 19926+ 997(LC) 20923/- | 3622/- | 180 |
| 16/521A | ബാബു, മംഗലത്തുവെളി | 173.61 | 10% (കുറഞ്ഞ തരം മേൽക്കൂര) | - | 10156/- (=11285-1129) | 10663/- (=10156+ 508(LC)) | 8594+ 430(LC) 9024/- | 1562/- | 78 |
| ആകെ | | | | | | | | **15748/-** | 783 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.16/12.11.19) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടത്തി കുറവ് വന്ന 16531/-രൂപ ഈടാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2018-19 സാമ്പത്തിക വർഷം സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ മാത്രമാണ് ഓഡിറ്റിൽ പരിശോധനാ വിധേയമാക്കിയിട്ടുള്ളത്. മുൻ വർഷങ്ങളിൽ ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിൽ ആയതും പരിശോധിച്ച് നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. <u>നികുതി നിർണ്ണയത്തിലെ അപാകത</u>

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്ന ഒരേ ഉടമയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിലെ ഓരോ കടമുറികൾക്കും പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കടമുറികളുടെ വസ്തുനികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 55/- രൂപ നിരക്കിൽ നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, 1 ചതുരശ്ര മീറ്ററിന് 65/- രൂപ നിരക്കിൽ ഈടാക്കണം എന്നതാണ്. എന്നാൽ ഇവിടെ ഒരു ചതുരശ്ര മീറ്ററിന് 55/- രൂപ മാത്രമാണ് ഈടാക്കുന്നത്. ഇതു മൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വരുന്നു. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നം./കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) |
|---|---|---|
| ജോസഫ് ആന്റണി, പട്ടാറ പുത്തൻ പറമ്പിൽ | IX/23 J,K,H,I,B,C,D,E,F,G | 371.89 |
| ആന്റോ സ്കറിയ | VIII/818 A,B,C,D,E,F,G,H,I,J | 255.51 |
| ദാമോദരൻ കെ എസ് | IX/A,B,C,D,E,F,I,J,K,L,M | 331 |
| പ്രശാന്ത് പി.എസ് | X/513 A,B,C,D,E | 187.44 |
| ലത,പള്ളിക്കാവുവെളിയിൽ | IX/382F,G,H | 158.85 |

ഓഡിറ്റന്വേഷണത്തിനു നൽകിയ മറുപടിയിൽ ഈ കെട്ടിടങ്ങളുടെ നികുതി റീ അസസ്സ് ചെയ്യുന്നതാണെന്ന് അറിയിച്ചു. നികുതി പുനർ നിർണ്ണയം നടത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

3. <u>വസ്തുനികുതി ഈടാക്കുന്നില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന I/133A കെട്ടിട നമ്പരിൽ പ്രസിഡണ്ട്, സമന്വയ കലാകായിക സാംസ്കാരിക സമിതിയുടെ പേരിലുള്ള കെട്ടിടത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്</u>

# നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 തെരുവ് വിളക്ക് ഉപകരണം – വാങ്ങിയതിലും കൂടുതൽ ഉപകരണങ്ങൾക്ക് തുക അനുവദിച്ച് നൽകി

പ്രോജക്ട് നം. - S0112/19 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - തെരുവ് വിളക്ക് ഉപകരണം വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഫണ്ടിനം - വികസനഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്)

ആകെ അടങ്കൽ - 74287

ചെലവ് വിവരം - ബിൽ നം.3/18-19/20.6.18 തുക. 45514/-

ബിൽ നം.13/18-19/16.7.18 തുക. 28670/-

ആകെ- 74184

2017-18 വർഷം ആവിഷ്കരിച്ച മേൽ പ്രോജക്ടിനകീഴിൽ തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങാൻ കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. (പഞ്ചായത്ത് കമ്മറ്റി തീരുമാനം 3/26.09.17).

പ്രോജക്ട് നടപ്പിലാക്കിയതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. സെക്രട്ടറിയുടെ 23.3.18ലെ ബി1-1361/17 നം. കത്തിൽ എൽ.ഇ.ഡി.9W, 200 എണ്ണം വിതരണം ചെയ്യുന്നതിന് തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സിനോട് ആവശ്യപ്പെട്ടു. സ്റ്റോക്ക് രജിസ്റ്റർ പേജ് 60 പ്രകാരം, 200 എൽ.ഇ.ഡി.9W ലഭ്യമായതായും ആയത് വിതരണം ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ 118/16.4.18 നം. ഇൻവോയ്സ് പ്രകാരം, 300 എൽ.ഇ.ഡി ലൈറ്റുകൾക്കുള്ള തുകയാണ് നൽകിയിട്ടുള്ളത്. ബിൽ വിവരം താഴെ ചേർക്കുന്നു.

| Item | Qty | Unit price | Gross Amount | Cgst(6%) | Sgst(6%) | Net Amount |
|---|---|---|---|---|---|---|
| LED 9W | 300 | 88.39 | 26517.86 | 1591.07 | 1591.07 | 29700 |

സെക്രട്ടറി നൽകിയ ഇൻഡന്റ് പ്രകാരം 200 ലൈറ്റുകൾ ആവശ്യപ്പെടുകയും ലഭിച്ച 200 എണ്ണം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ 300 എണ്ണത്തിന്റെ വില നൽകിയത് ക്രമ വിരുദ്ധമാണ്. അധികം നൽകിയ തുക 9900/- രൂപ (100x99/-) തിരികെ ഈടാക്കിയിട്ടുള്ള പക്ഷം ആയതിന്റെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/6.11.19), മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക 9900/- (8839+12% GST=1061) രൂപ തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് അധികൃതരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പദ്ധതി രൂപീകരണവും നിർവ്വഹണവും - അധികം നൽകിയ 9623/-രൂപ തിരികെ ഈടാക്കേണ്ടതാണ്

പ്രോജക്ട് നം. - S00017/19

പ്രോജക്ടിന്റെ പേര് - പദ്ധതി രൂപീകരണവും നിർവ്വഹണവും

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ:-

തനത് ഫണ്ട് -200000/-

ചെലവ് വിവരം

ചെക്ക് നം. 027900/13.9.18 തുക. 1167/-

ചെക്ക് നം. 27517/24.9.18 തുക. 17929/-

ചെക്ക് നം. 8736059/28.11.18 തുക. 13530/-

ചെക്ക് നം. 8736059/28.11.18 തുക. 11953/-

ചെക്ക് നം. 1828247/31.12.18 തുക. 37386/-

ചെക്ക് നം. 0505715/22.2.19 തുക. 59250/-

ചെക്ക് നം. 1662382/25.3.19 തുക. 16200/-

ചെക്ക് നം. 505730/25.3.19 തുക. 7712/-

ഫയൽ പരിശോധിച്ചതിൽ, പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവുകളും ആയതിലെ അപാകതകളും ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക കൈപ്പറ്റിയത് | സെക്രട്ടറിയുടെ ഉത്തരവ് നം/തീയതി | നൽകിയ തുക | ചെലവിനം | ചെലവ് വിവരം | | അപാകതകൾ |
|---|---|---|---|---|---|---|---|
| | | | | | ഇൻവോയ്സ് നം/തീയതി | തുക | |
| 1 | ദേശാഭിമാനി | 1)ബി1-1770/18/11.9.18<br>2) ബി1-4692/18/11.9.18 | 15560 | ടെണ്ടർ പരസ്യ തുക | 42659/14.3.18 | 2013 | |
| | | | | | 39437/22.2.18 | 2013 | |
| | | | | | 2016011311/<br>30.12.16 | 3210 | 2016-17 ലെ ചെലവിനം |
| | | | 2369<br>17929 | | 2016114666/<br>7.11.16 | 2557 | 2016-17 ലെ ചെലവിനം |
| | | | | | 2016011311/<br>30.12.16 | 3210 | തുക ആവർത്തിച്ച് നൽകി,<br>2016-17 ലെ ചെലവിനം |
| | | | | | 2016114666/<br>7.11.16 | 2557 | തുക ആവർത്തിച്ച് നൽകി,<br>2016-17 ലെ ചെലവിനം |
| | | | | | 58086/23.6.18 | 2369 | |
| 2 | ദേശാഭിമാനി | ബി1-6102/18/26.11.18 | 11953 | ടെണ്ടർ പരസ്യതുക | 72309/9.10.18 | 4241 | |
| | | | | | 70051/20.9.18 | 3856 | |
| | | | | | 67329/2.9.18 | 3856 | |
| 3 | ദേശാഭിമാനി | ബി1-6102/18/26.12.18 | 23778 | ടെണ്ടർ പരസ്യതുക | 76934/11.11.18 | 3856 | |
| | | | | | 69022/16.9.18 | 3856 | |
| | | | | | 70051/20.9.18 | 3856 | തുക ആവർത്തിച്ച് നൽകി.(ക്രമ നം.2) |
| | | | | | 78657/22.11.18 | 3213 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 79678/2.12.18 | 5141 | |
| | | | | | 79201/25.11.18 | 3856 | |
| | ഇൻഡ്യൻ എക്സ്പ്രസ് | ബി1-6102/18/26.12.18 | 13608 | ടെണ്ടർ പരസ്യതുക | 57966/13.11.18 | 5670 | |
| | | | | | 58549/2.12.18 | 7938 | |

ടെണ്ടർ പരസ്യതുക ഇനത്തിൽ തുക ആവർത്തിച്ച നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/12.11.19), ആവർത്തിച്ച നൽകിയ തുക ദേശാഭിമാനിയിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കാത്തപക്ഷം അധികമായി നൽകിയ തുക. 9623/- രൂപ. (3210+2557+3856) സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 എം.ജി.എൻ.ആർ.ഇ.ജി.എസ്- കരാറുകാരൻ ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ തുക നൽകി

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ ഉപയോഗിക്കുന്ന 40mm nominal size & above മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡ്സ് കുറവ് ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളൂ. (Specification : 1-27-2-3). എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെ കരാറുകാരൻ ലഭ്യമാക്കിയതായി ഇൻവോയിസിൽ പറഞ്ഞിട്ടുള്ള മുഴുവൻ അളവിനും മൂല്യം നിർണ്ണയിക്കുക വഴി താഴെപ്പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എം.ബുക്ക് പ്രകാരം സ്റ്റാക്ക് ചെയ്ത 40mm മെറ്റലിന്റെ അളവ് $m^3$ | അനുവദിച്ച തുക @2032/$m^3$ | 7.5% വോയ്ഡ്സ് കുറവുചെയ്ത ശേഷമുള്ള അളവ് ($m^3$ | അനുവദനീയമായ തുക | അധികം നൽകിയ തുക | അനുബന്ധ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | കുറവൻപറമ്പ്-മൂപ്പൻപറമ്പ് കോൺക്രീറ്റിംഗ് (അംബികേശൻ.പി.എസ്) | 28.97 | 58765 (28.92) | 26.8 | 54458 | 4307 | Rc/256296 FTO-136288/3.10.18-397783/- |
| 2 | പൂജവെളി ശാസ്താങ്കൽ റോഡ് കോൺക്രീറ്റിംഗ് (പി.ജി.ഗോപിനാഥൻ) | 33.48 | 65126 (32.05) | 30.97 | 62931 | 2195 | Rc/256343 FTO-377028/3.12.18-872827/- |
| 3 | തോട്ടത്തുശ്ശേരി റോഡ് കോൺക്രീറ്റിംഗ് (പി.ജി.ഗോപിനാഥൻ) | 31 | 63134 (31.07) | 28.67 | 58257 | 4877 | Rc/256333 FTO-388145/2.2.19-428877/- |
| 4 | പുത്തൻവെളി ഊരാളി റോഡ് കോൺക്രീറ്റിംഗ് (പി.ജി.ഗോപിനാഥൻ) | 34.875 | 66304 (32.63) | 32.259 | 65550 | 754 | Rc/256615 FTO-480685/24.1.19-761525/- |
| 5 | യുവശക്തി മറ്റത്തിൽ റോഡ് കോൺക്രീറ്റിംഗ് (പി.ജി.ഗോപിനാഥൻ) | 24.76 | 47833 (23.54) | 22.903 | 46539 | 1294 | Rc/256303 FTO-488038/30.1.19-326237/- |
| 6 | ശാസ്താങ്കൽ റോഡ് കോൺക്രീറ്റിംഗ് | 32.79 | 63378 (31.19) | 30.33 | 61631 | 1747 | Rc/256603 FTO- |

| | | | | | | | |
|---|---|---|---|---|---|---|---|
| | (പി.ജി.ഗോപിനാഥൻ) | | | | | | 377028/3.12.18-872827/- |
| 7 | മാത്തിൽപറമ്പ് - ചിറയിൽ റോഡ് കോൺക്രീറ്റിംഗ് (പി.ജി.ഗോപിനാഥൻ) | 34.875 | 66832 (32.89) | 32.259 | 65550 | 1282 | Rc/260884 FTO-480573/24.1.19-809921/- |
| 8 | യുവശക്തി പൂവത്തിങ്കൽ റോഡ് കോൺക്രീറ്റിംഗ് (പി.ജി.ഗോപിനാഥൻ) | 11.625 | 22372 (11.01) | 10.753 | 21850 | 522 | Rc/256304 FTO-480432/24.1.19-1011880/- MB-nil |
| 9 | പള്ളിക്കുന്ന് കായൽതീരം റോഡ് മെറ്റലിംഗ് (അംബികേശൻ.പി.എസ്) | 80mm - 5.28 m³ | 8844 (@1675) | 4.884 | 8181 | 663 | Rc/260954 FTO-139535/25.7.18-207113/- MB-851/18-19 |
| | | 63-53mm 46.27 m³ | 86479 (@1869) | 42.799 | 79991 | 6488 | |
| 10 | ജനശക്തി റോഡ് മെറ്റലിംഗ് (അംബികേശൻ.പി.എസ്) | 80mm - 5.28 m³ | 8926 (@1675) 8844 രൂപക്കു പകരം തെറ്റായി നൽകി | 4.884 | 8181 | 745 | Rc/256618 FTO-126582/18.7.18-218523/- MB-1229/18-19 |
| | | 63-53mm 49.18m³ | 89639/- (47.96m³) (@1869) | 45.49 | 85021 | 4618 | |
| 11 | ഒട്ടാച്ചി- താമരപ്പള്ളി റോഡ് മെറ്റലിംഗ് (അംബികേശൻ.പി.എസ്) | 80mm - 5.28 m³ | 8844 (@1675) | 4.884 | 8181 | 663 | Rc/256292 FTO-488006/30.1.19-201126/- MB-1206/18-19 |
| | | 63-53mm 47.04 m³ | 87917 (@1869) | 43.512 | 81324 | 6593 | |
| | **ആകെ** | | | | | **36748** | |

മേൽ അപാകതയ്ക്ക് വിശദീകരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.42/15.11.19) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ അധിക ചെലവായി ഓഡിറ്റിൽ ചൂണ്ടികാട്ടിയ 36748/- രൂപയിൽ 12659/- രൂപ തിരികെ ഒടുക്കിയിട്ടുണ്ടെന്നും (119010102446/16.11.19) ശേഷിച്ച 24089/- രൂപ എത്രയും വേഗം കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയ്ക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## 3-4 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - കയർ ഭൂവസ്ത്രം വിരിക്കൽ -അധിക തുക ചെലവഴിച്ചു

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മുഹമ്മ ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയ കാട്ടുകട – മുഖാരം തോട് കയർ ഭൂവസ്ത്രം വിരിക്കൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഇനം 4 ആയി (supplying & stacking 740GSM coirgeotextiles at site") 1800 m² കയർ വസ്ത്രം 65/- രൂപ നിരക്കിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ഇത് പ്രകാരം നിർമ്മിക്കാവുന്ന ഭൂവസ്ത്രത്തിന്റെ വിസ്തൃതി 1800 m² ആയിരിക്കെ ഇനം 7 പ്രകാരം (laying & fixing of geotextile with bamboo nail) 2000m² ഭൂവസ്ത്രം നിർമ്മിച്ചതായി രേഖപ്പെടുത്തി തുക ചെലവഴിച്ചിട്ടുണ്ട്. ഇത്തരത്തിൽ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയതു മൂലമുണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|

| ക്രമ നം. | ഇന വിവരം | 2000$m^2$ ന് നൽകിയ | | 1800$m^2$ ന് നൽകാവുന്ന | | അധിക ചെലവ് |
|---|---|---|---|---|---|---|
| | | അളവ്/ നിരക്ക് | തുക | അളവ്/ നിരക്ക് | തുക | |
| 1 | Splitting bamboo & making nails | 8000 nos. @7.74/E | 61920 | 7200 nos. @7.74/E | 55728 | 6192 |
| 2 | laying & fixing of geotextile with bamboo nail) | 2000 @ 17.03/$m^2$ | 34060 | 1800 @ 17.03/$m^2$ | 30654 | 3406 |
| | ആകെ | | | | | 9598 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.45/16.11.19) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ പിഴവ് മൂലമാണ് അധിക തുക നൽകാനിടയായത് എന്നറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ അധിക ചെലവായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ -

വർക്ക് ഐ.ഡി -WH-127872

എം.ബുക്ക് നം. - 770/018

പ്രവൃത്തി മൂല്യം -402273/-

FTO- 139669/ 25.7.18

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 260500 | പാലിയേറ്റീവ് കെയർ | 260500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 5215 | സമഗ്ര പച്ചക്കറി കൃഷി വികസനം | 5215 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 700000 | മിൽക്ക് സബ്സിഡി | 700000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 199994 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 199994 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | അഗതി/ആശ്രയ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1170000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 1170000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 199719 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 199719 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 924985 | വൈദ്യുതിലൈൻ വ്യാപനം | 924985 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 100000 | അംഗനവാടിപോഷകാഹാരം | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 2069034 | ലൈഫ് ഭവന പദ്ധതി ( ജനറൽ) | 2060000 | 9034 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 21801177 11/01/2019 | 516000 | 0 | 516000 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 21801178 11/01/2019 | 222297 | 0 | 222297 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 21800897 23/01/2019 | 199006 | 0 | 199006 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 21801110 08/03/2019 | 474985 | 0 | 474985 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 21801109 08/03/2019 | 450000 | 0 | 450000 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 21801111 08/03/2019 | 11104 | 0 | 11104 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഉണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | | | 1580228 | 800000 | 0 | 780228 | |
| ഹഡ്കോ ലൈഫ് ലോൺ | GO(MS) 68/2018/LSGD/Dtd 18.5.2018 | 43237040 | 0 | 0 | 0 | 43237040 | |
| ആകെ | | 43237040 | 1580228 | 800000 | 0 | 44017268 | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 65,862/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രസീത് നം/തീയതി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| | | | ഉദ്യോഗപ്പേരും | |
| 2011-12 | 2-3(3) | 2500 | സെക്രട്ടറി,<br>മുഹമ്മ കക്ക വ്യവസായ സംഘം | 118010100265/26.04.2018 |
| 2009-10 | 2-3 | 1000 | ജോസ് തോമസ് | 9425910001/17.04.2018 |
| 2008-09 മുതൽ<br>2010-11 വരെ | 3-17 | 584 | കെ.രേഖ | 118010100225/29.05.2018 |
| 2012-13 | | 50000 | ജലീൽ വി.ഇ.ഒ | 118050900005/29.05.2018 |
| 2012-13 മുതൽ<br>2013-14 വരെ | | 1800 | Wallace Langford And Associates | 118010100813/18.06.2018 |
| 2008-09 മുതൽ<br>2010-11 വരെ | | 746 | N.P.രവീന്ദ്രനാഥ് | 118010100972/29.06.2018 |
| 2008-09 മുതൽ<br>2010-11 വരെ | | 230 | കെ.സേതുനാഥ് | 118010100977/29.06.2018 |
| 2008-09 മുതൽ<br>2010-11 വരെ | | 230 | P. K.പുരുഷോത്തമൻ | 118010100981/29.06.2018 |
| 2008-09 | | 225 | മേരി ഗ്രെയ്സ്, യു.ഡി.സി | 118010100981/29.06.2018 |
| 2017-18 | 12-2(1) | 4043 | അസ്സിസ്റ്റന്റ് എഞ്ചിനിയർ | 118010103793/27.02.2019 |
| 2017-18 | 12-2(2) | 2004 | അസ്സിസ്റ്റന്റ് എഞ്ചിനിയർ | 118010103794/27.02.2019 |
| | | 2500 | പ്രൊപ്രൈറ്റർ, അഞ്ജലി ജൂവലറി | 118010101307/13.08.2018 |
| ആകെ | | 65,862/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 126590303 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 108526341 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 15748 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 52149 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5312817 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 (1) | 15748 | | ശ്രീ.പി.എസ്.രാമചന്ദ്രൻ,സെക്രട്ടറി |
| 3-1 | | 8839 | ശ്രീ.പി.എസ്.രാമചന്ദ്രൻ,സെക്രട്ടറി |
| 3-2 | | 9623 | ശ്രീ.പി.എസ്.രാമചന്ദ്രൻ,സെക്രട്ടറി |
| 3-3 | | 24089 | ശ്രീമതി.ലജിത.എസ്, |

| | | | |
|---|---|---|---|
| | | | അക്രഡിറ്റഡ് എഞ്ചിനിയർ |
| 3-4 | | 9598 | ശ്രീമതി.ലജിത.എസ്,<br>അക്രഡിറ്റഡ് എഞ്ചിനിയർ |
| **ആകെ** | 15748 | **52149** | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 211400 | ശ്രീ.വിഷ്ണു എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 1873392 | ശ്രീ.പി.എസ്.രാമചന്ദ്രൻ, സെക്രട്ടറി |
| 1-31 | 935905 | ശ്രീ.പി.സി.സേവ്യർ, സെക്രട്ടറി |
| 1-32 | 922920 | ശ്രീമതി.ജ്യോതികല.പി.എസ്,<br>എച്ച്.എം, ആസാദ് മെമ്മോറിയൽ ഗവ.എൽ.പി.എസ് |
| 1-33 | 668400 | ശ്രീമതി.ജ്യോതികല.പി.എസ്,<br>എച്ച്.എം, ആസാദ് മെമ്മോറിയൽ ഗവ.എൽ.പി.എസ് |
| 1-34 | 405000 | ഡോ.ശ്രീദേവി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മുഹമ്മ |
| 1-35 | 59800 | ശ്രീമതി.ജ്യോതികല.പി.എസ്,<br>എച്ച്.എം, ആസാദ് മെമ്മോറിയൽ ഗവ.എൽ.പി.എസ് |
| 1-36 | 16000 | അനുരാജ്, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-37 | 220000 | ശ്രീമതി.ധന്യ.എ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 5312817 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| | |
|---|---|
| ഖണ്ഡിക 3-1 | 1061 |
| ഖണ്ഡിക 2-1 | 783 |
| ആകെ | 1844 |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഖണ്ഡിക 1-32

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.എസ്.രാമചന്ദ്രൻ,സെക്രട്ടറി | മുഹമ്മ ഗ്രാമപഞ്ചായത്ത് | പാർവതീനിലയം, മണ്ണഞ്ചേരി പി ഒ, ആലപ്പുഴ |
| വിഷ്ണു എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | മുഹമ്മ ഗ്രാമപഞ്ചായത്ത് | വൈഷ്ണവം, നോർത്ത് ആര്യാട്, ആലപ്പുഴ |
| ജ്യോതികല.പി.എസ്., ഹെഡ്മിസ്ട്രസ് | മുഹമ്മ ഗ്രാമപഞ്ചായത്ത് | രജി നിവാസ്, സി.എം.സി,ചേർത്തല |
| ശ്രീമതി.ലജിത.എസ്, അക്രഡിറ്റഡ് എഞ്ചിനിയർ | മുഹമ്മ ഗ്രാമപഞ്ചായത്ത് | ഗ്രീൻ ഹിൽ, വാരണം.പി.ഒ, ചേർത്തല |
| ഡോ.ശ്രീദേവി, മെഡിക്കൽ ഓഫീസർ | സി.എച്ച്.സി. മുഹമ്മ | വിശ്വമംഗലം,കരുമാടി.പി.ഓ, ആലപ്പുഴ |
| ശ്രീമതി.ധന്യ എ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ മുഹമ്മ ഗ്രാമപഞ്ചായത്ത് | മണ്ണാപ്പറമ്പിൽ, നോർത്ത് ആര്യാട് പി.ഒ,ആലപ്പുഴ |
| | | |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ജി.എ-5-1832/11/17.1.2002 |
| 1997-98 | എൽ.എഫ്.ജി.എ-5-1832/11/21.1.2002 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/19.1.2002 |
| 1999-2000 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 |
| 2001-02 | എൽ.എഫ്.ജി.എ-5-1832/11/25.1.2002 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 2003-04 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 2004-05 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 2005-06 | എൽ.എഫ്.ജി.എ-5-1832/11/31.1.2002 |
| 2006-07 | എൽ.എഫ്.എ.ജി-5/1577/ 14/16.01.14 |
| 2007-08 | എൽ.എഫ്.എ.ജി-5/1577/ 14/06.02.14 |
| 2008-09 - 2010-11 | എൽ.എഫ്.എ.ജി-5/1577/ 13/16.06.14 |
| 2011-12 | എൽ.എഫ്.എ.പി1/496/2014 /10.03.16 |
| 2012-13 2013-14 | എൽ.എഫ്.എ.പി 1/130/15/10.03.16 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി1-764/16/18.05.17/7.6.17 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി14-1524/2016/1.11.17/14.11.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി14-858/17/9.4.18/18.4.18 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി5-60/2019/27.1.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുഹമ്മ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം